



പുസ്തകം 19 ലക്കം 1 മാർച്ച് 2011 അമാൻ 1390 റ.അവ്വൽ-റ.ആഖർ 1432

# അല്ലാഹുവിന് ജീവനേൽപ്പിക്കുക, അതാണ് ബയ്അത്ത്

ഹദ്റത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V



ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ബയ്അത്ത് ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന് ജീവൻ ഏല്പ്പിച്ചുകൊടുക്കുക എന്നതാണ്. ഇതിന്റെ താൽപര്യം നാം നമ്മുടെ ജീവൻ ഇന്ന് അല്ലാഹുവിന് വിറ്റിരിക്കുന്നു എന്നാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ചലിക്കുന്നതുകൊണ്ട് ആർക്കെങ്കിലും അവസാനം നഷ്ടം വഹിക്കേണ്ടിവരുമെന്നത് തികച്ചും തെറ്റാണ്. സത്യസന്ധന് ഒരിക്കലും നഷ്ടമുണ്ടാവുകയില്ല.....

ഞാൻ എന്റേതല്ല എന്ന കാര്യം ഓരോരുത്തരും മനസിലാക്കുകയാണെങ്കിൽ നമുക്ക് എന്തായാലും അല്ലാഹുവിന്റെ കല്പനകൾ പാലിക്കേണ്ടതായും അവയ്ക്ക് വിധേയമായി ജീവിക്കേണ്ടതായും വരും. അപ്പോൾ നമ്മുടെ ഓരോ പ്രവർത്തിയും അല്ലാഹുവിന്റെ തൃപ്തിക്കായിത്തീരും. ഇതാണ് ബയ്അത്തിന്റെ പത്ത് നിബന്ധനകളുടെ ചുരുക്കം.

1888 ന്റെ ആദ്യ മൂന്ന് മാസത്തിനുള്ളിൽ, ബയ്അത്ത് വാങ്ങാനുള്ള കൽപന അല്ലാഹുവിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ചു. ഈ ദൈവിക കൽപന ഇങ്ങനെയാണ്.

നീ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അല്ലാഹുവിങ്കൽ ഭാരമേൽപ്പിക്കുക. നമ്മുടെ കൺമുമ്പിൽ നമ്മുടെ ബോധനമനുസരിച്ച് പെട്ടകം തയ്യാറാക്കുക. ആരാണോ നിന്റെ കയ്യിൽ ബയ്അത്ത് ചെയ്യുന്നത് അല്ലാഹുവിന്റെ കൈ അവരുടെ മീതെ ഉണ്ടായിരിക്കും.

പക്വമാകാത്തതും ശുഷ്കിച്ച തരത്തിലുള്ളതുമായ ആളുകൾ ഈ ബയ്അത്തിൽ പ്രവേശിക്കുന്നതിനെ വെറുക്കുന്ന സ്വഭാവമായിരുന്നു ഹദ്റത് മസീഹ് മൗഊദ്(അ)ന്റെത്. കൂറുപുലർത്തുന്ന ആളുകൾ മാത്രം ഈ ജമാഅത്തിൽ പ്രവേശിക്കാവൂ എന്നാണ് ആ മഹാത്മാവിന്റെ ഹൃദയം ആഗ്രഹിച്ചിരുന്നത്.

1888 ഡിസംബർ 1 ന് ഒരു വിജ്ഞാപനത്തിലൂടെ ബയ്അത്തിന്റെ വിളംബരം ചെയ്തു. സുന്നത്തനുസരിച്ച് ഇസ്തിഖാര ചെയ്ത ശേഷം ബയ്അത്തിന്നായി ഹാജറാകാൻ ആ പുണ്യാത്മാവ് നിർദ്ദേശിച്ചു.

1889 മാർച്ച് 4 ന് മറ്റൊരു വിജ്ഞാപനത്തിൽ ബയ്അത്തിന്റെ ഉദ്ദേശ്യങ്ങളിലേക്കും ലക്ഷ്യങ്ങളിലേക്കും വെളിച്ചം വീശിക്കൊണ്ട് ആ മഹാത്മാവ് എഴുതുകയുണ്ടായി.

ബയ്അത്ത് ചെയ്യുന്ന ആളുകൾ മാർച്ച് 20-ാം തിയ്യതി ലുധിയാനയിൽ എത്തിച്ചേരാൻ ആ മഹാത്മാവ് പറഞ്ഞതും ഈ വിജ്ഞാപനത്തിലായിരുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) 1889 മാർച്ച് 23 ന് മുഹല്ല ജദീദിലെ സൂഫി അഹ്മദ് ജാൻ സാഹിബിന്റെ വീട്ടിൽ വെച്ച് ബയ്അത്ത് വാങ്ങി. ഹദ്റത് മുൻശി അബ്ദുല്ലാഹ് സാഹിബ് സനൗരിയുടെ നിവേദനമനുസരിച്ച്, ബയ്അത്തിന്റെ തിയ്യതി രേഖപ്പെടുത്തുന്നതിന്നായി ഒരു രജിസ്റ്റർ തയ്യാറാക്കപ്പെട്ടു. ഹൃദയഭക്തിക്കും പരിശുദ്ധിക്കും വേണ്ടിയുള്ള പശ്ചാത്താപത്തിന്റെ അനുസരണ പ്രതിജ്ഞ എന്ന് അതിന് നാമകരണം ചെയ്യപ്പെട്ടു.

ആ മഹാത്മാവ് ഏറ്റവുമാദ്യം ഹദ്റത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ)ൽ നിന്നാണ് ബയ്അത്ത് വാങ്ങിയത്.

(സമാപന പ്രഭാഷണം ജൽസാസാലാനാ യു.കെ. 27-7-2003)- വിവ: മൗ. മുഹമ്മദ് ഇസ്മാഈൽ

ഈ ജമാഅത്തിൽ പ്രവേശിച്ചാൽ ആദ്യം ജീവിതത്തിൽ പരിവർത്തനമുണ്ടാക്കേണ്ടതാണ്. അതായത്, അല്ലാഹുവിൽ സത്യസന്ധമായ വിശ്വാസമുണ്ടാകണം. എല്ലാ വിപൽഘട്ടങ്ങളിലും അവൻ പ്രയോജനപ്പെടുകയും വേണം. അവന്റെ കൽപനകളെ നിസാരമായി കാണരുത്. മാത്രമല്ല, ഓരോരോ കൽപ്പനകളേയും ആദരിക്കുകയും ആദരവിനുള്ള തെളിവ് പ്രാവർത്തികമായി പ്രകടിപ്പിക്കുകയും വേണം.

**ഹദ്റത്ത് അഹ്മദ്(അ)**

2. ഇമാമുസമാന്റെ ഫത്വകൾ
3. തഫ്സീർ
4. യുഗനാദം
6. യാഥാർഥ്യം
7. നബിവചനങ്ങളിലൂടെ
9. നമുക്ക് താരതമ്യം ചെയ്യാം
10. വിജ്ഞാനവേദി
11. കുരിശേന്തിയ വ്യാഖ്യാനം
12. ആരോഗ്യം
13.14.15. വാർത്തകൾ
16. ശാസ്ത്ര നിരീക്ഷണം

## ഇമാമുസമാന്റെ ഫത്‌വകൾ



### അഹ്മദിയ്യാ ജമാഅത്ത്

വിശുദ്ധ ഖുർആനിൽനിന്നും, ഹദീസുകളിൽ നിന്നും മനസിലാവുന്നത് നബി(സ) തിരുമേനിക്ക് രണ്ട് ആഗമനങ്ങൾ ഉണ്ടെന്നാണ്.

1. ജലാലി (അഥവാ പ്രതാപത്തിന്റേതാണ്. അത് തിരുനബിയുടെ യഥാർഥ പേരായ മുഹമ്മദ് എന്നതുമായി ബന്ധപ്പെട്ടതാണ്.

2. ജമാലി അഥവാ സൗന്ദര്യാത്മകമാകുന്നതാണ്. അത് പ്രതിച്ഛായ എന്ന നിലക്കും, പ്രതിപുരുഷൻ എന്ന നിലക്കും അഹ്മദ് എന്ന പേരുമായി ബന്ധപ്പെട്ടതാണ്. ഹുസൂർ(അ) പറയുന്നത് താൻ തിരുനബിയുടെ പ്രതിച്ഛായയും പ്രതിപുരുഷനുമാണെന്നാണ്. അതുകൊണ്ടാണ് താൻ ജമാഅത്തിന് ദൈവിക നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ (മുസൽമാൻ ഫിർഖ അഹ്മദിയ്യാ) അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്നപേര് വെച്ചതെന്നും അദ്ദേഹം വിശദീകരിക്കുന്നു. (വിളംബരം 1900 നവം: 4) (മജ്മൂഅ ഇശ്തിഹാറത്ത് ഭാഗം: 3, പേജ്: 256-366)

### അനഹ്മദികൾക്ക് പിന്നിൽ നമസ്കാരം

ഓർക്കുക, അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു, നിഷേധികളും, കളവാക്കുന്നവരും, മുർത്തദ്ദും ആയവരുടെ പിന്നിൽ നമസ്കരിക്കുന്നത് നിങ്ങൾക്ക് നിഷിദ്ധമാണ്. പൂർണമായും നിഷിദ്ധമാണ്. നിങ്ങൾക്കുള്ള ഇമാം നിങ്ങളിൽ നിന്നു തന്നെയായിരിക്കണം. ഇത് ബുഖാരിയിലെ ഹദീസിന്റെ ഒരുവശം സൂചിപ്പിക്കുന്നു. ഇമാം അതായത്, മസീഹ് ഇറങ്ങുമ്പോൾ മുസ്‌ലിംകളെന്ന് പറയുന്ന മറ്റ് കക്ഷികളെ പൂർണമായും നിങ്ങൾക്ക് ഉപേക്ഷിക്കേണ്ടിവരും. നിങ്ങളുടെ ഇമാം നിങ്ങളിൽ നിന്ന് ആയിരിക്കുകയും ചെയ്യും. ആയതുകൊണ്ട് നിങ്ങൾ അങ്ങിനെ തന്നെ ചെയ്യേണ്ടതാണ്.

(തുഹ്ഫഗോൾഡവിയ്യ: പേജ്: 64, അടിക്കുറിപ്പ്, റൂഹാനിഖസായിൻ ഭാഗം: 17)

### അനഹ്മദികളുമായുള്ള വിവാഹം

അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും അവന്റെ മഹത്തായ ഔദാര്യവും കൊണ്ട് നമ്മുടെ ജമാഅത്തിന്റെ അംഗസംഖ്യ വളരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആയിരക്കണക്കായിരിക്കുന്നു. എത്രയും വേഗം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷങ്ങൾ ആകുന്നതാണ്. അതുകൊണ്ട്തന്നെ അവരുടെ പരസ്പരമുള്ള ഐക്യം വർദ്ധിപ്പിക്കാനും അടുത്ത ബന്ധുക്കളുടെ മോശമായ പ്രഭാവത്തിൽ നിന്നും മോശമായ പരിണതിയിൽ നിന്നും രക്ഷിക്കാൻ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും നിക്കാഹിനെ സംബന്ധിച്ച് എന്തെങ്കിലും ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് മനസിലാവുന്നു. നമ്മുടെ എതിരാളികളായ മൗലവിമാരുടെ തണലിൻ കീഴിൽ വിരോധവും, എതിർപ്പും, ശത്രുതയും പാരമ്യത്തിൽ എത്തിച്ചിട്ടുള്ളവരുമായി അവർ തൗബ ചെയ്തു നമ്മുടെ ജമാഅത്തിൽ ചേരും വരേക്കും നമ്മുടെ ജമാഅത്തിൽ പെട്ടവർക്ക് വിവാഹബന്ധം അസാധ്യമായിരിക്കുന്നു. ഇപ്പോൾ ഈ ജമാഅത്ത് ഒരു കാര്യത്തിലും അവ രെ ആശ്രയിക്കേണ്ട സ്ഥിതിയിലല്ല. സാമ്പത്തികമായും, സ്വത്ത്പരമായും, വൈജ്ഞാനികമായും, ഔന്നിത്യപരമായും, കുടുംബ മേന്മയിലും, ഭയഭക്തിയിലും, ദൈവാനുഗ്രഹത്തിലും, പരിശുദ്ധിയിലും ഉള്ളവർ ഈ ജമാഅത്തിൽ അനേകം പേരുണ്ട്. എല്ലാ ഇസ്‌ലാമിക സമൂഹത്തിൽ പെട്ടവരും ഉണ്ട്. ആയതുകൊണ്ട് നമ്മെ കാഫിറാക്കുകയും, നമ്മെ ദജ്ജാലെന്ന് പറയുകയും അതല്ലെങ്കിൽ അത്തരം ആളുകളെ പുകഴ്ത്തുകയും അവർക്ക് കീഴിൽ കഴിയുകയും ചെയ്യുന്നവരുമായി നമ്മുടെ ജമാഅത്തിന് കുടുംബ ബന്ധം ഉണ്ടാക്കേണ്ട ആവശ്യം ഇല്ല.

ഓർക്കുക, അത്തരം ആളുകളുമായി ബന്ധം വിച്ഛേദിക്കാൻ കഴിയാത്തവർ നമ്മുടെ ജമാഅത്തിൽ ഉൾപ്പെടാൻ അർഹരല്ല. ഏതുവരെ പരിശുദ്ധിയുടേയും സത്യസന്ധതയുടേയും കാര്യത്തിൽ സഹോദരൻ സഹോദരനേയും, പിതാവ് മകനേയും ഒഴിവാക്കുന്നില്ലയോ അതുവരെ അയാൾ നമ്മിൽ പെട്ടവനല്ല. ആയതുകൊണ്ട് മുഴുവൻ ജമാഅത്തും ശ്രദ്ധിച്ച് കേട്ടുകൊള്ളട്ടെ, ഭയഭക്തിയുള്ളവർ ഈ നിബന്ധനകൾ പാലിക്കാൻ നിർബന്ധിതരാണ്...

(വിളംബരം 1898)

(മജ്മൂഅ ഇശ്തിഹാറാത്ത് ഭാഗം: 3, പേജ്: 50)

## കർമശാസ്ത്രം

**ചോദ്യം :- നമസ്ക്കാരത്തിൽ വിവിധ ചിന്തകൾ വരുകയാണെങ്കിൽ എങ്ങനെ പ്രതികരിക്കാം?**

നമസ്ക്കാരത്തിന് വിവിധ ചിന്തകൾ വരികയാണെങ്കിൽ അതിനെ എതിരിടുകയാണ് വേണ്ടത്. ഹ:മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, നിങ്ങൾ നമസ്ക്കാരത്തിനായി നിൽക്കുമ്പോൾ നിങ്ങളുടെ ഒരു കർത്തവ്യം നിറവേറ്റുകയാണെന്ന് മനസ്സിലാക്കണം.നമസ്കാരത്തിലൂടെ നിങ്ങൾക്ക് ഭയഭക്തിയും വിനയവും ലഭ്യമാവുകയാണെങ്കിൽ അത് അല്ലാഹുവിന്റെ ഒരനുഗ്രഹമാണ്. മറ്റു ചിന്തകൾ വരാതിരിക്കുന്നതിന് വേണ്ടി നിങ്ങൾ കൂടെക്കൂടെ പരിശ്രമിച്ചുകൊണ്ടിരുന്നിട്ടും നിങ്ങൾക്ക് ഭയഭക്തി ലഭ്യമാകുന്നില്ല എങ്കിലും നിങ്ങൾ പ്രതിഫലത്തിന്നർഹനാണ്. അപ്പോൾ നിങ്ങൾ ശൈത്താനുമായി യുദ്ധത്തിലാണ്. അതുകൊണ്ട് നിങ്ങൾ തെറ്റുകാരനല്ല. തങ്ങളുടെ ചിന്തകളിൽ ആനന്ദം കണ്ടെത്തുകയും അത്തരം ചിന്തകളിൽ പ്രശ്നമില്ലെന്ന് കരുതുകയും ചെയ്യുന്നവർ തെറ്റുകാരനാണ്. ഇത്തരം ചിന്തകളുമായി പോരടിക്കുന്നവൻ അല്ലാഹുവിന്റെ പോരാളിയും പ്രതിഫലാർഹനുമാണ്.

(അൽഫസൽ 9-6-1944;

ഫിഖ്ഹ് അഹ്മദിയ്യ പേജ് 35)

**ചോദ്യം :- നമസ്ക്കാരത്തിൽ ചിലപ്പോൾ ആനന്ദം ലഭിക്കുകയും മറ്റു ചിലപ്പോൾ നഷ്ടമാകുകയും ചെയ്യുന്നു. ഇതിനെന്താണ് പ്രതിവിധി?**


ധൈര്യം കൈവിടാതെ നഷ്ടപ്പെട്ട ആനന്ദത്തെക്കുറിച്ച് മനസ്സിലാക്കുകയും അത് വീണ്ടെടുക്കാൻ പ്രയത്നിക്കേണ്ടതാണ്. ഒരു മോഷ്ടാവ് നമ്മുടെ സമ്പത്ത് തട്ടിക്കൊണ്ട് പോകുമ്പോൾ വിഷമം തോന്നുകയും വീണ്ടും അങ്ങനെയൊരു അനുഭവം ഉണ്ടാകാതിരിക്കുവാൻ ശ്രമിക്കുകയും പലവിധത്തിലും ജാഗ്രതയും സൂക്ഷ്മതയും കാണിക്കുകയും ചെയ്യും. അതുപോലെ നമസ്ക്കാരത്തിലെ ആനന്ദവും അനുഭൂതിയും കവർന്നെടുക്കുന്ന ഉപദ്രവകാരിക്കെതിരെ എത്രമാത്രം ജാഗരൂകരാക്കുകയും അതിൽ വിഷമിക്കുകയും ചെയ്യേണ്ടതാണ്.

നമസ്ക്കാരത്തോടുള്ള പ്രതിപത്തിയും ആനന്ദവും നഷ്ടപ്പെടുമ്പോൾ അതേക്കുറിച്ച് വ്യാകുലതയും വിഷമവും ഉണ്ടാകേണ്ടതാണ്. നമസ്ക്കാരത്തിൽ ആനന്ദം നഷ്ടപ്പെടുന്നത് ഒരു മോഷ്ടാവിന്റെ മോഷണവും ഒരാത്മീയ രോഗവുമാണ്. ഒരു രോഗിയുടെ വായിലെ രുചിയിൽ മാറ്റം വരുമ്പോൾ തന്നെ അയാൾ ചികിത്സയെക്കുറിച്ച് ചിന്തിക്കുന്നു. അതു പോലെ തന്നെ ആത്മീയ രുചി മാറുമ്പോൾ വളരെ വേഗത്തിൽ പരിഹാരത്തിന് വേണ്ടി ശ്രദ്ധിക്കേണ്ടതനിവാര്യമാണ്.

(ഫിഖ്ഹ് അഹ്മദിയ്യാ പേജ് -35)

## ഇന്ന് ഒരു നബിയേയാണ് ആവശ്യം:

**മൗലാനാ മൗദൂദി**



"അധികപേരും ഇഖാമത്തുദ്ദീനിനുവേണ്ടി ഒരു പരിപൂർണ മനുഷ്യനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അതായത് അവർക്ക് ഇന്ന് ഒരു നബിയേയാണ് ആവശ്യം. നാവുകൊണ്ട് ഖത്തമുന്നുബുവ്വത്ത് എന്ന് ഉരുവിടുന്നുണ്ടെങ്കിലും, നബി(സ) തിരുമേനിക്കുശേഷം മറ്റൊരു നബി വരുമെന്ന് പറയുന്നവന്റെ നാവ് പിഴുതെടുക്കാൻ ഒരുമ്പെടുന്നുവെങ്കിലും അവരുടെ ഹൃദയം - മനസാക്ഷി ഒരു നബിയുടെ ആവശ്യകതയെ മന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. നബിയിൽ കുറഞ്ഞ ഒന്നിലും അവർ തൃപ്തരല്ല."

(തർജമാനുൽ ഖുർആൻ)

തഫ്സീർ



وَالَّيْلِ اِذَا يَسْرِ ۚ



# 1990 ന് ശേഷം യൗമുൽ ഫുർഖാൻ

**ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)**

പത്തു അന്ധകാര രാവുകൾക്ക് ശേഷമുള്ള മറ്റൊരു നൂറ്റാണ്ടിലേക്ക് ഈ സൂക്തഭാഗം വീണ്ടും വിരൽ ചൂണ്ടുന്നു. അല്ലാഹു പറയുന്നത്, അതിന് തൊട്ടുപിറകെ ഇസ്‌ലാമിക വിജയം തുടങ്ങുന്നതല്ല, എന്നാൽ അതിനെത്തുടർന്ന് ആ പ്രഭാതം പൊട്ടിവിടരുകയും പ്രകാശകിരണങ്ങൾ ദൃശ്യമാകുകയും ജനങ്ങൾ പ്രതീക്ഷാനിർഭരരാകുകയും ചെയ്യുന്നതാണ്. എങ്കിലും രാവ് നീങ്ങുന്നതിന് പിന്നെയും ഒരു നൂറ്റാണ്ടിന്റെ ഇടവേള ഉണ്ടായിരിക്കും.

ഇനി 1890 - പ്രഭാതപുലരിയായി ഗണിക്കുകയാണെങ്കിൽ 1990 വരെ ഈ ശതകം നിലനിൽക്കുന്നതാണ്. ഇപ്പോൾ 1945 ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ രാത്രിയുടെ 46 വർഷം ഇനിയും ശേഷിച്ചിരിക്കും. ഹിജ്റാ വർഷ പ്രകാരം, 1271- നെ അന്ധകാര രാവുകളുടെ അവസാനവർഷമായി ഗണിക്കുകയാണെങ്കിൽ 1371-ൽ ഈ നൂറ്റാണ്ട് അവസാനിക്കുന്നു. അങ്ങനെ വരുമ്പോൾ രാവ് അവസാനിക്കുന്നതിന് കേവലം 8 വർഷമായിരിക്കും ഉണ്ടാകുക. അഥവാ നൂറ്റാണ്ടിന്റെ പ്രാരംഭമായി കണക്കാക്കുകയും ഹിജ്റാ 1400 ഈ രാത്രിയുടെ അവസാനമായി മനസ്സിലാക്കുകയുമാണെങ്കിൽ ഇതിലും 37 വർഷം ബാക്കിയുണ്ട്. വിവിധ തലങ്ങളിലൂടെ വരുന്ന മൂന്ന് കാലയളവുകളാണിവ. ഇതിൽ ഏത് തലമാണ് ശരിയായിട്ടുള്ളതെന്ന് നന്നായി അറിയുന്നവൻ അല്ലാഹുവാണ്. ഈ മൂന്ന് തലങ്ങളും യാഥാർത്ഥ്യമാകാനും സാധ്യതയുണ്ട്.

10 രാത്രികളുടെ പ്രവചനത്തെ സംബന്ധിച്ച് ഞാൻ പറഞ്ഞതുപോലെ, ഹ. മസീഹ് മൗഊദ് (അ) ന്റെ വാദത്തിന്റെ അടിസ്ഥാനത്തിൽ ഇത് ഒരു തരത്തിൽ പൂർത്തിയായിട്ടുണ്ട്. ബയ്അത്തിന്റെ അടിസ്ഥാനത്തിൽ മറ്റൊരു പ്രകാരത്തിലും ബറാഹീനെ അഹ്മദിയ്യായുടെ പ്രസിദ്ധീകരണത്തിന്റെ അടിസ്ഥാനത്തിൽ വേറൊരു വിധത്തിലും പ്രവചനം പൂർത്തിയായിരിക്കുന്നു. അതുപോലെ നീങ്ങികൊണ്ടിരിക്കുന്ന ഒരു രാവിന്റെ ഒരു വെളിപ്പെടൽ 8 വർഷങ്ങൾക്ക് ശേഷം അഥവാ 1952ലും മറ്റൊരു വെളിപ്പെടൽ 37 വർഷങ്ങൾക്ക് ശേഷം അഥവാ 1981ലും ഇനിയുമൊരു വെളിപ്പെടൽ 46 വർഷങ്ങൾക്ക് ശേഷം അഥവാ 1990 ലുമാകാനും സാധ്യതയുണ്ട്. ചന്ദ്രവർഷ പ്രകാരം ഒരു നൂറ്റാണ്ടിൽ 3 വർഷത്തെ കുറവ് വരുന്നു. തന്മൂലം 37 വർഷ കാലയളവിൽ നിന്നും 3 വർഷം നീക്കുകയാണെങ്കിൽ പിന്നെ 34 വർഷമായിരിക്കും ശേഷിക്കുക. ഇതു പ്രകാരം ഈ രാത്രി ഹിജ്റ 1397- ൽ അവസാനിക്കുന്നതാണ്. എന്നുവെച്ചാൽ മൂന്നിന് പകരം 4 തലങ്ങളുണ്ടാകുന്നു. ഏതായാലും ഈ പ്രവചനം ഇതുവരെ പുലർന്നിട്ടില്ലെന്നിരിക്കെ ഇതു സംബന്ധമായി എത്രതന്നെ വീക്ഷണഗതികൾ സമർപ്പിക്കുകയാണെങ്കിലും അവയെല്ലാം പരിഗണിക്കേണ്ടതാകുന്നു.

ഒരു വീക്ഷണകോണിൽ കൂടി നോക്കുമ്പോൾ, ഈ രാവ് നീങ്ങികിട്ടാൻ 8 വർഷവും മറ്റൊരു വീക്ഷണത്തിൽ 34 വർഷവും ഇനിയുമൊരു വീക്ഷണത്തിൽ 37 വർഷവും പിന്നെയുമൊരു വീക്ഷണത്തിൽ 46 വർഷവും അവശേഷിക്കുന്നു. ഈ കാലയളവുകളിൽ അല്ലാഹുവിന്റെ ഏതെങ്കിലും വിധത്തിലുള്ള യൗമുൽ ഫുർഖാൻ (സത്യാസത്യ വിവേചന സുദിനം) വെളിപ്പെടുക തന്നെ ചെയ്യും. അങ്ങനെ ഏതെങ്കിലും സവിശേഷ അടയാളം മുഖേന അഹ്മദിയ്യത്ത് ശക്തി പ്രാപിക്കുന്നതായിരിക്കും. എപ്രകാരമെന്നാൽ, ബദർ യുദ്ധം അവസാന യുദ്ധമായിരുന്നില്ല. അതിനെത്തുടർന്നും യുദ്ധങ്ങളുണ്ടായി കൊണ്ടിരുന്നു. ഇപ്രകാരം ഇതിന് ശേഷവും എതിരാളികളോടുള്ള നമ്മുടെ പോരാട്ടം തുടർന്നുകൊണ്ടിരിക്കുന്നതാണ്. എങ്കിലും എതിരാളികൾക്ക് ബോദ്ധ്യപ്പെടുമാറുള്ള വിജയം അപ്പോഴേക്കും അഹ്മദിയ്യത്തിന് ലഭ്യമാകുന്നതായിരിക്കും.

ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സമ്പൂർണ്ണ വിജയം, ഹ. മസീഹ് മൗഊദ്(അ) എഴുതിയതുപോലെ ഏകദേശം മുന്നൂറ് വർഷക്കാലയളവിലാണുണ്ടാവുക. ഇതിന് ശേഷം അഹ്മദിയ്യത്തിൽ ചേരാത്ത സമൂഹങ്ങളുടെ സ്ഥിതി ഇക്കാലത്തെ യഹൂദികൾക്ക് സമാനമായിരിക്കും. ആ അന്തിമ മുന്നേറ്റം, അതെല്ലാം നീണ്ട കാലമാണെങ്കിലും, അഹ്മദിയ്യത്തിന്റെ ആ വിജയം ഇന്നേക്ക് 8 വർഷങ്ങൾക്ക് ശേഷമോ, അതല്ലെങ്കിൽ 34 വർഷങ്ങൾക്ക് ശേഷമോ, അതുമല്ലെങ്കിൽ മുപ്പത്തിയേഴോ, നാല്പത്തിയാറോ വർഷങ്ങളോടടുപ്പിച്ച് വിജയം പ്രകടമാകുന്നതാണ്. കാരണം പ്രവചനങ്ങളിൽ ദിവസം എണ്ണുന്നതിന് പകരം മൊത്തത്തിലുള്ള ഒരു നിരീക്ഷണമാണ് പറയാറുള്ളത്.

ഞാൻ പറഞ്ഞതുപോലെ 4 വ്യത്യസ്ത രീതിയിലുള്ള വിജയങ്ങളും വെളിപ്പെടാൻ സാധ്യതയുണ്ട്. അതിനാൽ മേൽ പറഞ്ഞ വർഷങ്ങളിലോ ഏറെക്കുറെ അതിനോടനുബന്ധിച്ചുള്ള വർഷങ്ങളിലോ അഹ്മദിയ്യത്തിന് ഏതെങ്കിലും വിധത്തിലുള്ള വിജയം കൈവരുന്നതാണ്.

സത്യവിശ്വാസികളുടെ ഈമാൻ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതാണ് വിജയത്തിന്റെയും സഹായത്തിന്റെയും അടയാളങ്ങൾ അടുത്തടുത്ത കാലങ്ങളിലുണ്ടാകുന്നതിന്റെ പ്രയോജനം. ഏതുപോലെയെന്നാൽ നബി (സ) തിരുമേനി, സ്വഭവനത്തിൽ നിന്ന് സമാധാനപൂർവ്വം പുറത്തിറങ്ങിയപ്പോൾ സത്യവിശ്വാസികൾക്കൊരു സന്തോഷമുണ്ടായി. സൗർ ഗുഹയിൽ നിന്ന്, ശത്രുക്കളുടെ ആക്രമണമേല്ക്കാതെ രക്ഷപ്പെട്ടപ്പോൾ രണ്ടാമതും സന്തോഷമുണ്ടായി. മദീനയിലെത്തിയപ്പോൾ മൂന്നാമതും ബദർ യുദ്ധത്തിൽ നിഷേധികളെ പരാജയപ്പെടുത്തിയപ്പോൾ നാലാമതും സത്യവിശ്വാസികൾക്ക് സന്തോഷമുണ്ടായി.

ഇപ്രകാരം മേല്പറഞ്ഞ 4 കാലയളവുകളിൽ ഓരോ കാലയളവിന്റെയും ഒടുക്കം പ്രഭാതപുലരിയുടെ ഓരോരോ പ്രഭാകിരണങ്ങൾ വെളിപ്പെടുന്നതും അതുവഴി സത്യവിശ്വാസികളുടെ ഈമാനിനെ അതു പുഷ്ടിപ്പെടുത്തികൊണ്ടിരിക്കുന്നതുമാകാനിടയുണ്ട്.

(തഫ്സീർ കബീർ ഭാഗം:8,
വിവ: ടി.കെ. മഹ്മൂദ്, കൽക്കുളം)

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**

### പുരോഗതികളും വിജയങ്ങളും യുവാക്കളുടെ അർപ്പണബോധത്തിൽ അധിഷ്ഠിതമാണ്

നമ്മുടെ അവസാനയുദ്ധത്തിന്റെ ദിവസം സമീപസ്ഥമാണ്. നമ്മുടെ യുവാക്കൾ നമ്മേക്കാൾ അധികം അർപ്പണബോധത്തിന്റെ മാതൃകകൾ പ്രകടമാക്കാത്തിടത്തോളം വിജയത്തെക്കുറിച്ച് നമുക്ക് പ്രതീക്ഷിക്കാൻ വകയില്ല. മാത്രമല്ല, അവരുടെ അടുത്ത തലമുറയും കൂടുതൽ സമർപ്പണത്തിന്റെ മാതൃകകൾ കാണിക്കാത്തിടത്തോളം നമുക്ക് വിജയത്തെക്കുറിച്ച് പ്രതീക്ഷിക്കാൻ നിവർത്തിയില്ല

ഒരു സമൂഹത്തിന്റെ 12 തലമുറയെങ്കിലും യഥാർഥ അർപ്പണബോധത്തിന്റെ മാതൃകകൾ കാണിക്കാത്തിടത്തോളം അവർക്ക് യഥാർഥ വിജയം ലഭിക്കുകയില്ല. നമ്മുടെ ജമാഅത്ത് ഇപ്പോൾ ശൈശവദശയിലാണ്. പ്രായാധിക്യത്തിന്റെ കാലം ദൂരെയാണ്.

നമ്മുടെ യുവാക്കൾ തന്നെയാണ് ഇസ്‌ലാമിക പതാകയെ ഉയർത്തിപ്പിടിക്കേണ്ടവർ. അവർ ആത്മാർഥതയിലും ത്യാഗത്തിലും നമ്മേക്കാളും മുന്നിലായിരിക്കണം. ദീനീവിജ്ഞാനവും നമ്മേക്കാൾ കൂടുതൽ ആയിരിക്കണം. ഇബാദത്തിലേക്കുള്ള ശ്രദ്ധയിലും നമ്മെ കവച്ചുവെക്കണം. ജമാഅത്തിന്റെ ഭാവിയിലെ പുരോഗതിയുടെ കടമകൾ ഞങ്ങൾക്ക് മേലല്ല, നിങ്ങൾ യുവാക്കൾക്ക് മേലാണ്.

ഈ യുദ്ധത്തിൽ വിജയം വരിക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. ഏതുവരെ നിങ്ങൾ നമ്മേക്കാൾ അധികം ത്യാഗവും അർപ്പണവും കാണിക്കുന്നില്ലയോ അതുവരെ അഹ്മദിയ്യത്തിന് വിജയം ലഭിക്കുകയില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അഹ്മദിയ്യത്ത് വിജയിക്കുമെങ്കിലും നിങ്ങൾ അതിൽ നിന്ന് ഒഴിവാക്കപ്പെട്ടവരായിരിക്കും. നിങ്ങൾ അകതാരിൽ മാറ്റങ്ങൾ വരുത്തുവിൻ തങ്ങളുടെ ആത്മവിശ്വാസത്തെ ഉയർത്തിവെക്കുവിൻ, മുൻകടന്നവർ ലജ്ജിക്കും വിധമുള്ള ത്യാഗത്തിന്റേയും അർപ്പണത്തിന്റേയും മാതൃകകൾ നിലനാട്ടുവിൻ. നമ്മുടെ ഭാവി തലമുറ നല്ലതല്ലെന്ന് പറയാൻ ഇടവരുത്തരുത്. മറിച്ച് നമുക്കും അവരെപ്പോലെ ത്യാഗം ചെയ്യാൻ കഴിഞ്ഞെങ്കിൽ എന്ന് കഴിഞ്ഞ തലമുറ പറയുമാറാകണം. ഈ നിലവാരം ഉണ്ടാക്കിയെടുത്താൽ അഹ്മദിയ്യത്ത് വിജയിക്കുന്നതാണ്. (ഖുത്ബ 14-9-1948)

## മാർച്ച് 23 മസീഹ് മൗഊദ് ദിനം

1889 മാർച്ച് 23 നാണ് ഹദ്റത് മസീഹ് മൗഊദ് (അ) ആദ്യമായി ബയ്അത്ത് സ്വീകരിച്ചത്. ഈ ദിവസത്തെ അനുസ്മരിച്ചുകൊണ്ട് ബയ്അത്തിന്റെ ഉത്തരവാദിത്വങ്ങളെയും ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യത്തേയും കുറിച്ച് അവബോധമുണ്ടാക്കാൻ എല്ലാ വർഷവും മാർച്ച് 23 ന് മസീഹ് മൗഊദ് ദിനം ആചരിക്കുന്നു.






# അൽഹഖ്

വാർത്താപത്രിക

2011 മാർച്ച്

പുസ്തകം 19 ലക്കം 1


അൽ-ഹഖ് നീണ്ട ഇടവേളക്കുശേഷം വീണ്ടും സഹൃദയരിലേക്ക് എത്തുകയാണ്. ഒട്ടേറെ പ്രാവശ്യം അൽ-ഹഖ് നിന്നുപോയിട്ടുണ്ട്. അപ്പോഴൊക്കെ വീണ്ടും വീണ്ടും ഉണർന്നെണീക്കാൻ ഞങ്ങൾക്ക് പ്രചോദനമായത് അൽഹഖിന്റെ അഭ്യുദയകാംഷികളുടെ പ്രേരണയും ആവശ്യവുമാണ്.

വീണ്ടും ഒരിക്കൽകൂടി സഹൃദയരിലേക്ക് എത്തുമ്പോൾ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ലക്ഷ്യത്തെക്കുറിച്ച് മജ്‌ലിസിന്റെ സ്ഥാപകർ ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, ഖലീഫത്തുൽ മസീഹ് സാനി, അൽ മുസ്‌ലിഹ് മൗഊദ്(റ)ന്റെ വാക്കുകൾ ഞങ്ങൾ ഓർക്കുകയാണ്. ഹുസൂർ(റ) പറയുന്നു:

ഈ മജ്‌ലിസ് സ്ഥാപിച്ചതുകൊണ്ട് ഞാൻ ലക്ഷ്യമാക്കുന്നത്, നമ്മുടെ ഹൃദയങ്ങളിൽ അകപ്പെട്ടിരിക്കുന്ന അധ്യാപനങ്ങൾ കാറ്റുകൊള്ളാതെ സംരക്ഷിക്കപ്പെടണമെന്നാണ്. മാത്രമല്ല, അത് ഇതേപോലെ തന്നെ തലമുറ തലമുറയായി അടക്കം ചെയ്യപ്പെടണം. ഇത് നമ്മുടെ ഹൃദയങ്ങളിലും, നാളെ നമ്മുടെ തലമുറയുടെ ഹൃദയങ്ങളിലും, മറ്റന്നാൾ അവർക്കടുത്ത തലമുറയിലും അടക്കം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ഏതുവരെ എന്നാൽ ഈ അധ്യാപനം നമ്മളുമായി ബന്ധിതമാവണം. നമ്മുടെ ഹൃദയങ്ങളിൽ കൂടിക്കലരണം. അത് ലോകത്തിന് ഗുണപ്രദവും അനുഗൃഹീതവുമായ വിധത്തിൽ ആവണം. ഒന്ന് രണ്ട് തലമുറകളിൽ മാത്രം ഈ അധ്യാപനങ്ങൾ പരിമിതമായാൽ, അത് നാം പ്രതീക്ഷിക്കുന്ന രീതിയിലുള്ള ഉറച്ച അവസ്ഥ ഉണ്ടാക്കുന്നതല്ല. (ഖുത്ബ ജുമുഅ: 13-02-1939)

ഈ ഉദ്ദേശ്യ സാഫല്യത്തിന്നായി, ജമാഅത്തിന്റെ ശിക്ഷണ പരിപ്രേക്ഷ്യത്തിൽ അൽഹഖ് അവതരിപ്പിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഇൻശാ അല്ലാഹ്.

## Cover




**Before it was known as Sweet Home Baptist Church. Austin Jama'at took pocession of this property in Sept. 2007.**

# യുഗനാദം

**ഹദ്റത് അഹ്മദ്(അ)**

### ഞാൻ മസീഹ്

“ഏതൊരുവന്റെ കൈയിൽ എന്റെ ജീവനിരിക്കുന്നുവോ ആ സർവശക്തനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു: ബുഖാരിയിലും മുസ്‌ലിമിലും മറ്റ് സിഹാഹുകളിലും വന്നിട്ടുള്ള സ്വഹീഹ് ഹദീസുകളിലൂടെ തിരുനബി(സ) സുവിശേഷമറിയിച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു.” (മൽഫൂസാത്ത് - 1)

“തിരുനബി(സ) നബിയുല്ലാഹ് എന്ന് നാമകരണം ചെയ്തിട്ടുള്ള ആ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു.” (റസൂലുൽ മസീഹ്)

ഇത് മസീഹിന്റെ കാലം തന്നെയാണ്. മറ്റാരുടേതും അല്ല. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ മറ്റാരെങ്കിലും നിയോഗിക്കപ്പെടുമായിരുന്നു. (ദുർറെ സമീൻ)

### ഞാൻ ഉമ്മത്തീനബി

ഞാൻ നബിതിരുമേനിയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ, ലോകത്തുള്ള സർവ പർവതങ്ങൾക്കും സമാനമായത്ര പുണ്യകർമങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിങ്കൽ നിന്നുള്ള മധുര ഭാഷണത്താൽ ഞാൻ അനുഗ്രഹിക്കപ്പെടുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദിയ്യാ നുബുവ്വത്തല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ് പക്ഷേ ആ നബി ഒന്നാമതായി തിരുനബിയുടെ ഉമ്മത്തി ആയിരിക്കണം. (തജല്ലിയാത്തെ ഇലാഹിയ്യ: 24, 25)

### ദൈവം നട്ട ചെടി

നിങ്ങൾ ദൃഢമായും അറിഞ്ഞുകൊള്ളുവിൻ! ഇതു ദൈവത്തിന്റെ കൈയ്യാൽ നട്ടപ്പെട്ട ചെടിയാകുന്നു. ദൈവം ഒരിക്കലും ഇതിനെ വ്യർഥമാക്കിക്കളയുകയില്ല. അവൻ ഇതിൻമേൽ വെള്ളം ചൊരിയുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവേലി കെട്ടുകയും ചെയ്യും. അങ്ങനെ അവൻ എന്റെ അനുയായികളെ അത്ഭുതകരമായ പുരോഗതിയും അഭിവൃദ്ധിയും നൽകി അനുഗ്രഹിക്കും. എനിക്കെതിരിൽ നിങ്ങൾക്ക് ചെയ്യാനിനി എന്തെങ്കിലും ബാക്കിയുണ്ടോ? മനുഷ്യകൃതമാണെങ്കിൽ ഇതു എന്നേ മുറിച്ചു നീക്കപ്പെടുമായിരുന്നു! അതിന്റെ അടയാളം പോലും അവശേഷിക്കാതാകുമാറ് അത് നശിച്ചൊടുങ്ങി കഴിഞ്ഞിരിക്കുമായിരുന്നു. (റൂഹാനീ ഖസായീൻ, വാല്യം 11)

### ഞാൻ വിജയിക്കും

ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടും കൂടി ഇതാ പ്രഖ്യാപിച്ചുകൊള്ളട്ടെ ഞാൻ സത്യപാതയിൽ തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്ത ദൃഷ്ടിയിൽ നോക്കിക്കാണുന്നു. ഇതാ ഞാൻ അതിമഹത്തായ ഒരു വിജയത്തെ കൈവരിക്കുവാൻ അടുത്തിരിക്കുകയാണ്. എന്റെ നാവിന് പിൻബലമായി മറ്റൊരു നാവ് ചലിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകമത് കാണുന്നില്ലെങ്കിലും ഞാൻ അത് ദർശിച്ചുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്തിൽ സ്വർഗീയമായ ഒരു ആത്മാവ് തുടിച്ചുകൊണ്ടിരിക്കുന്നു. അത് എന്റെ ഓരോ വാക്കിനും ഓരോ അക്ഷരത്തിനും ജീവൻ നൽകിയിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയലും സംഭവിച്ചിരിക്കുന്നു. അത് ഈ അതിനിസ്സാരനെ ഒരു പാവയെപ്പോലെ എഴുന്നേൽപ്പിച്ചു നിർത്തി. തൗബയുടെ പശ്ചാത്താപത്തിന്റെ വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തുതന്നെ അറിയുമാറാകും ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്. ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ? ഈ സ്വർഗീയ വിളിയോട് പ്രതികരിക്കാത്തവനും ജീവനുള്ളവനാണോ? (ഇസാലെ ഔഹാം, ഭാഗം:1, പേജ്:593)

# വിപ്ലവാത്മകമായ ആശയങ്ങൾ, വെളിപ്പെടുത്തലുകൾ

## നബി(സ) അവസാനിക്കാത്ത പ്രവാചകൻ

ഹദ്റത് അഹ്മദ് (അ) റസൂൽ തിരുമേനി(സ)ന്റെ ഉത്തമ ഉമ്മത്തിനെ പരിഷ്കരിക്കാൻ ബനീ ഇസ്രായീലിലേക്ക് നിയോഗിക്കപ്പെട്ട ഈസാനബി വരുമെന്ന അബന്ധ വിശ്വാസത്തെ ഖണ്ഡിക്കുകയും പ്രസ്തുത ദൗത്യവുമായി അല്ലാഹു തന്നെ നിയോഗിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. നബി (സ) തന്റെ ഉമ്മത്തിൽ ഒരു പ്രവാചകനെ കുറിച്ച് പ്രവചിച്ചിട്ടുണ്ടെന്നും അതുപ്രകാരം താൻ ആഗതനായിരിക്കുന്നുവെന്നും അദ്ദേഹം ദൈവിക നിർദ്ദേശപ്രകാരം വാദിച്ചു.

അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ ഔചിത്യവും യുക്തിയും തിരുനബി (സ) ന്റെ ആത്മീയ അനുഗ്രഹങ്ങളുടെ പരിപൂർത്തി സ്ഥാപിക്കാൻ തിരുനബിയുടെ അനുഗ്രഹവും കാരുണ്യവും മുഖേന എനിക്ക് നുബുവ്വത്തിന്റെ സ്ഥാനം നൽകി അനുഗ്രഹിച്ചിരിക്കുന്നു.

(ഹഖീഖത്തുൽ വഹ്യ് റൂഹാനി ഖസായിൻ ഭാഗം: 22)

## അറബി-ഭാഷാ ജനനി

അറബി, ഭാഷാ ജനനി ആണെന്നതിലേക്ക് ഹദ്റത് അഹ്മദ്(അ) തന്റെ വിശ്വവിഖ്യാതമായ ഗ്രന്ഥ മിനനുർ റഹ്മാനിൽ മൂന്ന് അടിസ്ഥാനപരമായ കാരണങ്ങളാണ് ഉണ്ടായിരുന്നത്.



1. ഭാഷകളുടെ പരസ്പരബന്ധം സ്ഥാപിച്ചുകൊണ്ട് അതെല്ലാം ഒരു പൊതു ഉറവയിൽ നിന്നാണെന്ന് തെളിയിക്കുക.

2. അത് അറബിയാണെന്നതിലേക്ക് ഹുസൂർ(അ) ഉന്നയിച്ച സംഗതികൾ.

- അറബിയിലെ ഏക പദങ്ങളുടെ വ്യവസ്ഥ.
- അതിന്റെ ഘടനാപരമായ വ്യവസ്ഥ.
- ഒരു വാക്കിൽനിന്ന് ഉദ്ഭൂതമാകുന്ന ഇതര വാക്കുകളുടെ വ്യവസ്ഥ.
- ഈ ഘടനയിൽ വാക്കുകൾക്കുള്ള അർഥങ്ങളുടെ വ്യാപ്തി.
- അതിന്റെ അടിസ്ഥാന നാമത്തിനുള്ള യുക്തി..... മുതലായവ

3. അറബി ദൈവിക ഭാഷയാകുന്നു. അതായത് അതിന്റെ ആരംഭം ഇൽഹാം മുഖേനയാണ് ഉണ്ടായത്.

## വിശുദ്ധ ഖുർആൻ ജീവൽ ഗ്രന്ഥം


മുൻകാല വേദഗ്രന്ഥങ്ങളെല്ലാം പ്രക്ഷിപ്തങ്ങൾ കാരണം അതിന്റെ യഥാർഥ രൂപത്തിൽ അവശേഷിക്കുന്നില്ലെന്നും എന്നാൽ വിശുദ്ധ ഖുർആൻ നാസിഖ് മൻസൂഖുകളിൽ നിന്നും സംരക്ഷിതമാണെന്നും ഹദ്റത് അഹ്മദ്(അ) പ്രഖ്യാപിച്ചത് മുസ്ലിംകൾക്ക് പോലും പുതിയ അറിവായിരുന്നു.



അദ്ദേഹം പറയുന്നു: വിശുദ്ധ ഖുർആൻ തുടർച്ചയായി സംരക്ഷിക്കപ്പെട്ടുപോരുന്നു. അതിന്റെ ഒരു വാക്കോ പുള്ളിയോ പോലും അങ്ങോട്ടോ ഇങ്ങോട്ടോ ആകാവതല്ല. ആയിരക്കണക്കിന്, ലക്ഷക്കണക്കിന് വിശുദ്ധ ഖുർആൻ ഹാഫിസുമാർ എല്ലാ രാജ്യത്തും എല്ലാ സമൂഹത്തിലും ഉണ്ട്. അവർ തമ്മിൽ പരസ്പര ഐക്യവുമുണ്ട്. എപ്പോഴും ഓർമി ച്ചുകൊണ്ടിരിക്കുകയും കേൾപ്പിക്കുകയും ചെയ്യുന്നു.(അൽഹക്കം 18-2-1906)

## നാനക്ക് മുസൽമാൻ

ഹിന്ദു ഭവനത്തിൽ ജനിച്ച ഹദ്റത് ബാബാ ഗുരു നാനക്ക്(റഹ്) മുസ ൽമാനും വലിയുല്ലയും ആയിരുന്നുവെന്നതിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹദ്റത് അഹ്മദ്(അ) നിരവധി തെളിവുകൾ സമർപ്പിച്ചു. അദ്ദേഹം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും നമസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കുകയും ഇസ്ലാമിക വിധി വിലക്കുകളെ പാലിക്കുകയും



ഹജ്ജ് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ടെന്നും സ്ഥാപിക്കുകയും എല്ലാത്തിനും പുറമേ ആയത്തുകളും, പരിശുദ്ധകലിമയും ആ ലേഖനം ചെയ്ത അദ്ദേഹത്തിന്റെ മേലങ്കി തന്റെ വാദങ്ങൾക്ക് ഉപോൽബലകമായി ഉദ്ധരിക്കുകയും ചെയ്തു. ഈ മേലങ്കി ഇപ്പോഴും ഗുർദാസ്പൂർ ജില്ലയിലെ ബാബാ ഡേറാനാനക് എന്ന സ്ഥലത്ത് സുരക്ഷിതമാണ്. (അവ: സത്ബചൻ)

## എല്ലാ സമൂഹത്തിലും ദൈവദൂതൻമാർ

ശ്രീകൃഷ്ണനും ശ്രീരാമനും ശ്രീ ബുദ്ധനും തുടങ്ങിയ പരിഷ്കർത്താക്കൾ അതാത് കാലത്ത് സത്യേക ദൈവത്തിന്റെ സത്തയെക്കുറിച്ച് ജനങ്ങൾക്ക് സന്ദേശം നൽകാൻ വന്ന പ്രവാചകന്മാരായിരുന്നുവെന്ന് ഹദ്റത് അഹ്മദ്(അ)ന്റെ പ്രഖ്യാപനം മതമഹാലോകത്ത് പുതിയൊരു ദിശാബോധത്തിന്റേയും വിപ്ലവത്തിന്റേയും തിരുഹദീസുകളുടേയും വെളിച്ചത്തിലുള്ള അദ്ദേഹത്തിന്റെ ഈ പ്രഖ്യാപനം വർത്തമാനകാല മുസ്ലിം സംഘടനകളും ഇന്ന് ഏറ്റു പിടിച്ചിരിക്കുന്നു.

## ഈസാനബിയുടെ മരണവും കശ്മീരിലെ ഖബറും

ഹദ്റത് ഈസാ(അ) മരണപ്പെട്ടുപോയിരിക്കുന്നുവെന്നും, അദ്ദേഹത്തിന്റെ ഖബർ കശ്മീരിലെ ശ്രീനഗറിലുള്ള



ഖാൻയാർ തെരുവിൽ സ്ഥിതി ചെയ്യുന്ന യൂസ്ആസഫ് ആണെന്നും ഹദ്റത് അഹ്മദ്(അ) വെളിപ്പെടുത്തിയത് മുസ്ലിം ക്രൈസ്തവ മതലോകത്ത് ഏറെ പ്രകമ്പനമുണ്ടാക്കിയ പ്രഖ്യാപനമായിരുന്നു.

അദ്ദേഹം പറയുന്നു: ഹദ്റത് മസീഹിന്റെ കാലഘട്ടത്തിൽ ഖബറുകളിൽ ശിലാരേഖകൾ വെക്കുന്ന സമ്പ്രദായ മുണ്ടായിരുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ ഖബർ അത്തരം അടയാളങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കാമെന്ന് കരുതുന്നത് യുക്തിരഹിതമാണ്. തീർച്ചയായും അതിൽ ഇത്തരം അടയാളങ്ങൾ ഇല്ലാതിരിക്കില്ല. അനേകം സാക്ഷ്യങ്ങൾ വെളിപ്പെടുകയും അനേകം രഹസ്യങ്ങൾ വ്യക്തമാവുകയും ചെയ്യുന്നതാണ്. അല്ലാഹു അങ്ങനെ തന്നെ ആക്കുകയും വിദ്വേഷത്തിന്റെ വേരറുക്കുകയും ചെയ്യട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

(അൽഹുദാ:)


## ജിഹാദ് വാളുകൊണ്ടല്ല

മതസ്ഥനെ ആരും കൊലചെയ്യുന്നതിന്റെ പേരല്ലെന്നും ദൈവമാർഗത്തിലുള്ള അത്യധ്വാനമാണെന്നും ഇക്കാലത്ത് ഇസ്ലാമിന്റെ എതിരാളികൾ വാളുകൊണ്ടല്ല പ്രസംഗപ്രസിദ്ധീകരണ മുറയാണ് ഇസ്ലാമിനെതിരിൽ അനുവർത്തിക്കുന്നതെന്നും അതുകൊണ്ട് തന്നെ അതേ രീതിയിൽ ആണ് പ്രതികരിക്കേണ്ടതെന്നും അദ്ദേഹം മുസ്ലിം ലോകത്തോട് പറഞ്ഞു. മാത്രമല്ല കൃത്യമായ താക്കീത് നൽകിക്കൊണ്ട് അദ്ദേഹം ഉണർത്തി:

ഹദീസുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് മസീഹ് വന്നാൽ മതത്തിനു വേണ്ടിയുള്ള യുദ്ധം നിഷിദ്ധമാക്കപ്പെടുമെന്നാണ്. ആയതിനാൽ ഇന്നു മുതൽ മതത്തിനുവേണ്ടിയുള്ള യുദ്ധം നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. ഇതിന് ശേഷവും ആരെങ്കിലും ദീനിനുവേണ്ടി വാളുയർത്തിയാൽ നിഷേധികളുമായി പോരടിക്കുന്നവൻ എന്ന് പ്രഖ്യാപിച്ചു കൊണ്ട് അവരെ കൊല ചെയ്യുകയുമാണെങ്കിൽ അയാൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുന്നവനാണ്. (വിളംബരം 28-5-1900)

## മിർസാ സാഹിബ് വിജയശ്രീലാളിതനായ സേനാപതി

മൗലാനാ അബുൽ കലാം ആസാദ്



മിർസാ സാഹിബിന്റെ വിയോഗം അദ്ദേഹത്തിന്റെ വാദങ്ങളോടും വിശ്വാസങ്ങളോടും കടുത്ത എതിർപ്പുകൾ ഉണ്ടായിരിക്കെ തന്നെ മുസൽമാൻമാർക്ക് അതേ അഭ്യസ്തവിദ്യരും ഉദ്ബുദ്ധമതികളുമായ മുസൽമാൻമാർക്ക് അവരുടെ ഒരു വലിയ നേതാവ് അവരിൽനിന്ന് എന്നെന്നേക്കുമായി വേർപെട്ടുപോയെന്ന ഒരനുഭവമാണ് ഉളവാക്കിയിരിക്കുന്നത്. അതോടൊപ്പം ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരിൽ അദ്ദേഹത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട ഒരു വമ്പിച്ച പ്രതിരോധനിര തകർന്നുപോയെന്ന ഒരു തോന്നലും. അദ്ദേഹം ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരിൽ വിജയശ്രീലാളിതനായ ഒരു സേനാപതിയുടെ ഭാഗമാണ് പൂർത്തിയാക്കിക്കൊണ്ടിരുന്നത്. തന്റെ ഉദാത്തമായ അഭിലാഷങ്ങളത്രയും മതങ്ങളുടെ പഠനത്തിന് മാത്രമാക്കി ഒരുക്കിയ മറ്റൊരു ഉജ്ജ്വല വ്യക്തിത്വം ഹിന്ദുസ്ഥാനിലെ മതാന്തരീക്ഷത്തിൽ ഇനി ഉടലെടുക്കുമെന്ന് തോന്നുന്നില്ല. (വക്കീൽ)

ദഅ്‌വത്തെ ഇലല്ലാഹ്

## ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) നൽകിയ നിർദ്ദേശങ്ങൾ

ഹദ്റത് മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ് (റ) നെ ഇംഗ്ലണ്ടിലേക്ക് മുബല്ലിഗായി നിയോഗിച്ചപ്പോൾ ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) നീണ്ട പ്രാർഥനാവാചകങ്ങൾക്കൊടുവിൽ എഴുതി:

പ്രവർത്തനസംബന്ധമായി ചില ഉപദേശങ്ങൾ ചുരുങ്ങിയ വാക്കുകളിൽ താഴെ ചേർക്കുന്നു. എന്റെ യഥാർഥ നിർദ്ദേശങ്ങൾ ഞാൻ ആദ്യം എഴുതിയ എന്റെ ദു:ആകൾ തന്നെയാണ്.



ഹ: മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ് (റ)

1. ബാഹ്യമായ പ്രഭാവം, ആന്തരികാവസ്ഥയിലും ഉണ്ടാവുന്നതാണ്. ആയതിനാൽ ദാഈ ഇലല്ലാഹ് കുളിച്ച് ശുദ്ധിയായിരിക്കണം. മുടി ശരിയാക്കിവെക്കാനും, വസ്ത്രം വൃത്തിയുള്ളതാക്കി വെക്കാനും ശ്രദ്ധിക്കണം. ജുമുഅ ദിവസം സുഗന്ധദ്രവ്യം ഉപയോഗിക്കുക, വായയുടെ വൃത്തിയും ശ്രദ്ധിക്കേണ്ടതാണ്.
2. വീട് വൃത്തിയാക്കി വെക്കണം; പുറത്തും, അകത്തും എല്ലാ സാധനങ്ങളും ചിട്ടയായും അടുക്കി വെക്കുക.
3. ദൈവഭവന(പള്ളി)ത്തിന്റെ വൃത്തിയിൽ പ്രത്യേകം ശ്രദ്ധിക്കുക. എപ്പോഴും ജുമുഅ ദിവസം അവിടെ സുഗന്ധം ഉപയോഗിക്കേണ്ടതാണ്.
4. മീറ്റിംങ്ങുകളുള്ളപ്പോഴും സുഗന്ധം ഉപയോഗിക്കുക.
5. ദു:ആകളിൽ പ്രത്യേകം ഊന്നൽ നൽകുക. ഇത് എല്ലാ പ്രവർത്തനങ്ങളുടേയും ആത്മാവാണ്.
6. അഹ്മദികൾ കൂടുതൽ കൂടുതൽ പരസ്പരം ഇടപഴകാനും, ജമാഅത്തീ ജോലികളിൽ കൂടുതൽ വ്യാപൃതരാവാനും ശ്രദ്ധിക്കുക. അവർ ചന്ദയും കൊടുക്കണം. ജോലിയും ചെയ്യണം. അകാരണമായി മുറബ്ബിമാരോട് നീരസം ഉണ്ടാകാൻ അനുവദിക്കരുത്. അവരോട് പ്രവർത്തനങ്ങളിൽ അഭിപ്രായമാരായണം.
7. ദഅ്‌വത്ത് സ്വീകരിക്കുന്നവരെ പ്രത്യേകം ശ്രദ്ധിക്കണം. അവർ താങ്കളെ, തങ്ങളുടേതാണെന്ന് മനസിലാക്കും വിധമുള്ള ബന്ധം ഉണ്ടാക്കുക. രോഗികളെ സന്ദർശിക്കൽ, ആവശ്യക്കാരെ സഹായിക്കൽ, സന്തോഷ സന്താപവേളകളിൽ അവരുമായി പങ്കുചേരുക. ജനങ്ങൾ സുശക്തരാവാതെ ഇസ്‌ലാമിനും, നാടിനും ശക്തി ഉണ്ടാവുന്നതല്ല.

(തഹ്‌രീക് ജദീദ്, സെപ്തംബർ 1970)





## ഈസാനബിയുടെ ഖബർ നാലിടങ്ങളിലോ?!

ഹദ്റത്ത് ഈസാനബി(അ)യുടെ ഖബർ ഗലീൽ, ജറുസലേം, സിറിയ, കശ്മീർ എന്നിങ്ങനെനാലിടങ്ങളിൽ ഉള്ളതായി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ ഗ്രന്ഥങ്ങളിൽ പരസ്പര വിരുദ്ധമായി പ്രസ്താവിച്ചിട്ടുണ്ടെന്ന് ചില വിമർശകന്മാർ ആക്ഷേപിക്കുന്നു. വാസ്തവമെന്താണ്?

ഗലീൽ, ബിലാദെശാം(സിറിയ), ജറുസലേം എന്നീ സ്ഥലങ്ങളിൽ ഉള്ളതായി പറയപ്പെട്ട ഖബർ ഒന്നു തന്നെയാണെന്നാണ് ആദ്യമായി മനസ്സിലാക്കാനുള്ളത്.

ഗലീൽ എന്നത് ജറുസലേം പട്ടണത്തിലുൾപ്പെട്ട ഒരു സ്ഥലമാണ്. ജറുസലേം ആകട്ടെ സിറിയ എന്ന രാജ്യത്തിലുൾപ്പെട്ട പട്ടണവുമാണ്. അപ്പോൾ ഖബർ ഗലീൽ എന്ന സ്ഥലത്തെന്നോ ജറുസലേമിലെന്നോ സിറിയയിലെന്നോ പറഞ്ഞാൽ അത് ഒരേ ഖബറിനെക്കുറിച്ചുതന്നെയാണ്. ഉദാഹരണമായി കൊടിയത്തൂർ ഗ്രാമത്തിലുള്ള ഒരാൾ തിരുവനന്തപുരത്തുചെന്നാൽ കോഴിക്കോട്ടുകാരനാണെന്നു പറയും. കോഴിക്കോടു ജില്ലയിലാണല്ലൊ കൊടിയത്തൂർ. ഡൽഹിയിലോ മറ്റോ ആണ് ചെല്ലുന്നതെങ്കിൽ കേരളീയനാണെന്നായിരിക്കും പറയുക. ഒരു വിദേശ രാജ്യത്താണ് ചെന്നതെങ്കിൽ ഇന്ത്യക്കാരനാണെന്നാവും പറയുക. ഇപ്പറഞ്ഞതെല്ലാം ഒരേ വ്യക്തിയെക്കുറിച്ചുതന്നെയാണ്. അത് കേട്ട് കൊടിയത്തൂർകാരനാണെന്നും, കോഴിക്കോട്ടു കാരനാണെന്നും, കേരളീയനാണെന്നും പരസ്പര വിരുദ്ധമായി പറഞ്ഞു എന്ന് ആക്ഷേപിക്കാൻ കഴിയുമോ?

ഇനി ഖബറിനെക്കുറിച്ച് പറഞ്ഞതെന്താണെന്നു നോക്കാം. സിറിയയിലെ ജറുസലേം പട്ടണത്തിൽ ഗലീൽ എന്ന സ്ഥലത്ത് കുരിശിൽ നിന്നിറക്കിയ അവസ്ഥയിൽ യേശുവിനെ കിടത്തിയ ഖബർ സ്ഥിതിചെയ്യുന്നുണ്ട്. അതിനെക്കുറിച്ചാണ് ഹ: അഹ്മദ്(അ) പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ യേശുക്രിസ്തുവിനെ മരണശേഷം മറവടക്കിയ ഖബർ ഇന്ത്യയിലെ കശ്മീർ സംസ്ഥാനത്തിൽ ശ്രീനഗറിലെ ഖാൻയാർ തെരുവിൽ സ്ഥിതിചെയ്യുന്ന യൂസ് ആസഫ് എന്നു പേരുള്ള ഖബർ ആണെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

ഗലീലയിലെ ഖബറിനെക്കുറിച്ച് ഒരു പാതിരി തന്റെ നൂർ അഫ്ശാൻ എന്ന പത്രത്തിൽ ഈസാനബി(അ) മരണത്തിനു ശേഷം 40 ദിവസത്തോളം ജീവനോടെ സ്വശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടുവെന്നും അതിനുശേഷം ആകാശത്തേക്ക് കയറിപ്പോയതായി ഗലീലയിലുള്ളവർ കണ്ടുവെന്നും ഉള്ള ബൈബിൾ ഉദ്ധരണി (അപ്പോസ്തല പ്രവൃത്തികൾ 1:3-11) എടുത്തു ചേർത്തുകൊണ്ട് ഈസാനബിയുടെ ആകാശാരോഹണം സ്ഥാപിക്കാൻ ശ്രമിച്ചതിനെ ഖണ്ഡിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) ഇസാലയെ ഔഹാം എന്ന ഗ്രന്ഥത്തിൽ പേജ് 473 മസീഹ് തന്റെ സ്വദേശമായ ഗലീലയിൽ വച്ച് മരണപ്പെട്ടു എന്നെഴുതിയിട്ടുണ്ട്. എന്നാൽ അത് ബൈബിൾ ഉദ്ധരണികളുടെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ബൈബിൾ ഉദ്ധരിച്ച് മറുപടി നൽകിയതായിരുന്നു. ആ ഖണ്ഡനം അവസാനിപ്പിക്കുന്നിടത്ത് അദ്ദേഹം വ്യക്തമാക്കുന്നു.

ഓർക്കുക, ഈ (ബൈബിൾ) ഉദ്ധരണികൾ ശരിയായവയും മാറ്റി മറിക്കപ്പെടാത്തവയുമാണെന്ന് നാം അംഗീകരിക്കുകയാണെങ്കിൽ മാത്രമാണ് ഈ വിശദീകരണങ്ങൾ. എന്നാൽ അതംഗീകരിക്കുക വളരെ പ്രയാസമാണ് (ഇസാലയെ ഔഹാം പേജ്:477).

ഗലീലയിലെ ഖബർ യേശുവിനെമുറിവേറ്റ നിലയിൽ കിടത്തിയതായിരുന്നു എന്ന് മറ്റൊരു ഗ്രന്ഥത്തിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ബിലാദെശാമിൽ (അതായത് സിറിയയിൽ) ഹദ്റത്ത് ഈസാ(അ)ന്റെ ഖബർ പൂജിക്കപ്പെടുന്നുണ്ട്. വർഷം തോറും നിശ്ചിത തിയ്യതികളിൽ ആയിരക്കണക്കിനു ക്രിസ്ത്യാനികൾ ആ ഖബറിടത്തിൽ ഒത്തു കൂടുകയും ചെയ്യുന്നു. ലഅ്നല്ലാഹു യ ഹൂദ വ ന്നസാറാത്തഹദൂ ഖബ്റ അമ്പിയാ ഇഹിം മസാജിദ (ബുഖാരി) എന്ന ഹദീസിന്റെ അടിസ്ഥാനത്തിൽ വ്യക്തമാകുന്നത് അത് ഹദ്റത്ത് ഈസാ (അ)ന്റെ ഖബർ തന്നെയാണ് എന്നാണ്. ഇതിൽ മജ്റൂഹ് (മുറിവേറ്റ) അവസ്ഥയിലാണ് അദ്ദേഹത്തെ വെച്ചത്. (സത്ബചൻ ഹാശിയ ദർഹാശിയ മുതഅല്ലഖ ഹാശിയ പേജ്: 164, റൂഹാനീ ഖസായിൻ വാള്യം 10, പേജ് 309

ജറൂസലേം എന്ന സ്ഥലത്ത് ഖബർ ഉള്ളതായി പറയുന്ന ഉദ്ധരണി മേൽ പ്രസ്താവിച്ച ഖബറിന്റെ നിജസ്ഥിതി അന്വേഷിച്ച സയ്യിദ് മുഹമ്മദ് അസ്സഈദി ത്വറാബ്ലിസി അശ്ശാമി അയച്ച കത്തിലെ വരികളാണ്. (ഇത് മാമുൽ ഹുജ്ജ പേജ് 20 ഹാശിയ) ആ ഖബറാകട്ടെ മുമ്പ് പറയപ്പെട്ട ഖബർ തന്നെയാണ്.

എന്നാൽ ഈസാനബി (അ)ന്റെ മരണശേഷം മറവടക്കിയ ഖബർ കശ്മീരിലാണെന്ന് ഹദ്റത്ത് അഹ്മദ്(അ) വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ ഒരു ഗ്രന്ഥത്തിൽ മസീഹിന്റെ ഖബർ ബിലാദെ ശാമിലാണെന്ന് എഴുതിയിട്ടുണ്ട്. പക്ഷെ, ഇപ്പോൾ ശരിയായ ഗവേഷണങ്ങളിൽ നിന്ന് യഥാർഥ ഖബർ കശ്മീരിലാണെന്നും ശാമിലുള്ള ഖബർ ജീവനോടെ വെക്കാനുള്ളതാണെന്നും അതിൽ നിന്നും അദ്ദേഹം പുറത്തുവന്നുവെന്നും എഴുതാൻ നാം നിർബന്ധിതരായിരിക്കുന്നു.

(സത്ബചൻ പേജ് 307, ഹാശിയ ദർഹാശിയ)

### വഴികേടിന്റെ മാർഗ്ഗം

മുമ്പേ യൂസുഫ് നിങ്ങളുടെയടുക്കൽ വ്യക്തമായ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ നിങ്ങൾ പറഞ്ഞു, അല്ലാഹു അദ്ദേഹത്തിനുശേഷം ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല. ഇപ്രകാരം അതിരുകവിഞ്ഞ് പ്രവർത്തിക്കുന്നവരേയും സംശയാലുക്കളേയും അല്ലാഹു വഴികേടിലാക്കുന്നു. (വി.ഖുർആൻ 40:35)






# "കയ്ഫ അൻതും ഇദാ നസലബ്നുമർയമ ഫീക്കും വ ഇമാമക്കും മിൻക്കും" (ബുഖാരി)

**ഹദ്റത് അഹ്മദ് (അ) ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു:**

ഇബ്നുമർയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും. അദ്ദേഹം ആരാണ്? അദ്ദേഹം നിങ്ങളിൽ നിന്നുതന്നെ ജനിക്കുന്ന നിങ്ങളുടെ ഇമാമായിരിക്കും. ചുരുക്കത്തിൽ പ്രസ്തുത ഹദീസിൽ നബിതിരുമേനി(സ) സ്പഷ്ടമായി പറഞ്ഞിരിക്കുന്നത്, ഇബ്നുമർയം എന്നതുകൊണ്ട് യഥാർത്ഥത്തിൽ മസീഹ് ഇബ്നുമർയം തന്നെ ഇറങ്ങും എന്ന് ധരിക്കരുത് എന്നാണ്.പ്രത്യുത, ഈ നാമം ആലങ്കാരികമായിട്ടാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹം യഥാർത്ഥത്തിൽ നിങ്ങളിൽ നിന്ന്, നിങ്ങളുടെ സമുദായത്തിൽ നിന്ന് തന്നെ ഇബ്നുമർയമിൻെറ സ്വഭാവ ഗുണത്തിൽ ജനിപ്പിക്കപ്പെടുന്ന നിങ്ങളുടെ ഒരു ഇമാമായിരിക്കും. ഇവിടെ പുരാതന ചിന്താഗതിക്കാരായവർ ഈ ഹദീസിന് നൽകപ്പെടുന്ന അർത്ഥം, ഹദ്റത്ത് മസീഹ് ആകാശത്തു നിന്നിറങ്ങുമ്പോൾ അദ്ദേഹം തൻെറ ഖിലാഫത്ത് പദവിയിൽ നിന്നും ഒഴിവാക്കപ്പെട്ട നിലയിലായിരിക്കും വരിക. ഇഞ്ചീലുമായി അദ്ദേഹത്തിനു യാതൊരു ബന്ധവുമുണ്ടായിരിക്കില്ല. മുഹമ്മദീ സമുദായത്തിൽ പ്രവേശിച്ചുകൊണ്ട് വിശുദ്ധഖുർആനനുസരിച്ച് പ്രവർത്തിക്കും. അഞ്ചുനേര നമസ്കാരം അനുഷ്ടിക്കും. മുസ്ലിം എന്ന് പറയപ്പെടും. എന്നാൽ ഈ സ്ഥാനഭ്രംശം എന്ത് കൊണ്ടാണ് സംഭവിക്കുക എന്ന് വിവരിച്ചിട്ടില്ല. എന്തായാലും ഇബ്നുമർയം അപ്പോൾ ഒരു മുസ്ലിം പുരുഷനായിരിക്കുമെന്നും സ്വയം തന്നെ മുഹമ്മദീസമുദായത്തിൽ വെളിപ്പെടുമെന്നും മുൻപ് അദ്ദേഹത്തിനു നൽകപ്പെട്ട തൻെറ നുബുവ്വത്തിന്റെ നാമം പോലും ഉച്ചരിക്കില്ലാ എന്നും വരെ നമ്മുടെ മുസ്ലിം സഹോദരന്മാർ അംഗീകരിക്കുന്നു. യഥാർത്ഥത്തിൽ ആലങ്കാരികതയെ യഥാർത്ഥവൽകരിക്കുന്നതു മൂലം നമ്മുടെ സഹോദരന്മാർക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു വലിയ പ്രശ്നമാണിത്. തന്മൂലം അവർക്ക് ഒരു പ്രവാചകനെ തന്റെ നുബുവ്വത്ത് പദവിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നത് അംഗീകരിക്കേണ്ടി വന്നു. അഥവാ അവർ നബിതിരുമേനി(സ) യുടെ പരിശുദ്ധ വാക്കുകളിൽ കാണപ്പെടുന്ന സ്പഷ്ടവും നേരായതുമായ അർത്ഥത്തെ അംഗീകരിക്കുകയാണെങ്കിൽ ഇതിനുസരിച്ച് മുൻപ് ഹദ്റത്ത് മസീഹ് യോഹന്നാൻ നബിയെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്, എല്ലാ ഔപചാരികത നിറഞ്ഞ ബുദ്ധിമുട്ടുകളിൽ നിന്നും മോചനം നേടിയേനേ. ഹദ്റത്ത് മസീഹിന്റെ ആത്മാവിനെ സ്വർഗ്ഗത്തിൽ നിന്ന് പുറത്തെടുക്കേണ്ടുന്ന ആവശ്യവും വരില്ലായിരുന്നു, ആ പരിശുദ്ധ പ്രവാചകന്റെ നുബുവ്വത്തിൽ വീഴ്ച അംഗീകരിക്കേണ്ടിയും വരില്ലായിരുന്നു, നബിതിരുമേനി(സ) യുടെ പ്രതാപത്തിൽ കയ്പേറിയ പരിഹാസം ഉന്നയിക്കേണ്ടിയും വരില്ലായിരുന്നു, ഖുർആനിക കൽപനകൾ ദുർബലപ്പെടുന്നു എന്ന് അംഗീകരിക്കേണ്ടിയും വരില്ലായിരുന്നു.

ഒരുപക്ഷേ നമ്മുടെ സഹോദരന്മാരുടെ അവസാന ന്യായീകരണം, സഹീഹായ ഹദീസുകളിൽ പരാമർശിച്ചിട്ടുള്ള ഹദ്റത്ത് മസീഹിന്റെ അടയാളങ്ങളെ എന്തിന് തുലനം ചെയ്യുന്നു എന്നതായിരിക്കും. ഉദാഹരണമായി, മസീഹ് വരുമ്പോൾ കുരിശുടയ്ക്കും, നികുതി ഇല്ലാതാക്കും, പന്നികളെ കൊല്ലും, യഹൂദമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും ദുശ്ശീലങ്ങൾ മുസ്ലീംകളിൽ വ്യാപിക്കുമ്പോഴാണ് വരിക എന്ന് രേഖപ്പെട്ട് കിടക്കുന്നു. ഞാൻ പറയുന്നു, കുരിശുടയ്ക്കും എന്നതുകൊണ്ടുള്ള ഉദ്ദേശ്യം പ്രകടമായ യുദ്ധമല്ല, പ്രത്യുത ആത്മീയമായ നിലയിൽ കുരിശുമതത്തെ ഉടയ്ക്കുകയും അതിന്റെ പൊള്ളത്തരത്തെ സ്ഥാപിച്ചു കാണിക്കുകയും ചെയ്യുക എന്നതാണ്. നികുതി ഇല്ലാതാക്കുക എന്നത് സ്വയം സ്പഷ്ടമാണ്. അത് സൂചിപ്പിക്കുന്നത്, അന്നാളുകളിൽ ഹൃദയം സ്വമേധയാ സത്യത്തിലേക്കും യഥാർത്ഥത്തിലേക്കും ആകർഷിക്കപ്പെടും, യാതൊരു യുദ്ധത്തിന്റേയും ആവശ്യമില്ലാ എന്നതാണ്. ജനങ്ങൾ കൂട്ടംകൂട്ടമായി ഒന്നിച്ച് ഇസ്ലാം മതത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്ന തരത്തിൽ സ്വമേധയാ അനുകൂല സാഹചര്യമുണ്ടാകും. അപ്പോൾ ഇസ്ലാം മതത്തിൽ പ്രവേശിക്കുന്നതിനുള്ള കവാടം തുറക്കപ്പെടുകയും ഒരു ലോകം തന്നെ ഈ മതത്തെ സ്വീകരിക്കുകയും ചെയ്യുമ്പോൾ പിന്നെ ആരിൽ നിന്നാണ് നികുതി വാങ്ങുക. എന്നാൽ ഇതെല്ലാം തന്നെ ഒന്നിച്ച് സംഭവിക്കുകയില്ല. ഇപ്പോൾമുതൽ അതിന്റെ അടിത്തറ ഇടപ്പെടുന്നതാണ്. പന്നികൾ എന്നത് കൊണ്ടുള്ള വിവക്ഷ പന്നികളുടെ സ്വഭാവം ഉള്ളവരാകുന്നു. അവരെ അന്നാളിൽ ന്യായങ്ങളാലും തെളിവുകളാലും പരാജയപ്പെടുത്തുന്നതാണ്. സ്പഷ്ടമായ തെളിവുകളുടെ വാളുകൾ അവരെ വധിക്കുന്നതാണ്. അല്ലാതെ ഒരു പരിശുദ്ധ നബിവചനങ്ങളിലൂടെ പന്നികളെ വേട്ടയാടി നടക്കുക എന്നല്ല.

നമ്മുടെ മാർഗ്ഗദർശകനും നേതാവും യജമാനനുമായ പ്രവാചക ശ്രേഷ്ഠൻ പ്രഥമ മസീഹിലും ദ്വിതീയ മസീഹിലും വ്യതിരിക്തത സ്ഥാപിക്കുന്നതിന്നായി, ദ്വിതീയ മസീഹ് ഒരു മുസ്ലിം പുരുഷനായിരിക്കുമെന്നും, ഖുർആനിക നിയമമനുസരിച്ച് പ്രവർത്തിക്കുമെന്നും, മുസ്ലിംകളെ പോലെ വ്രതം നമസ്കാരം തുടങ്ങിയ ഖുർആനിക കൽപനകൾ പാലിക്കുന്നവനായിരിക്കുമെന്നും, മുസ്ലിംകളിൽ ജനിക്കുമെന്നും, അവരുടെ ഇമാമായിരിക്കുമെന്നും, വ്യത്യസ്ഥമായ ഒരു മതവും കൊണ്ടുവരില്ലായെന്നും, വ്യത്യസ്ഥമായ ഒരു പ്രവാചകത്വം വാദിക്കില്ലായെന്നും മാത്രമല്ല പറഞ്ഞിട്ടുള്ളത്, പ്രത്യുത പ്രഥമ മസീഹിന്റേയും ദ്വിതീയ മസീഹിന്റേയും രൂപത്തിലും സ്പഷ്ടമായ വ്യതിരിക്തത ഉണ്ടായിരിക്കുമെന്നും വെളിപ്പെടുത്തിയിട്ടുണ്ട്.

തൗസീഹെ മറാം. പേജ് 56 - 59

വിവ: ടി.എം.അബ്ദുൽ മുജീബ് മുബല്ലിഗ് സിൽസില

## മിനാരത്തുൽ മസീഹ്

ഹദ്റത്ത് നബി തിരുമേനി(സ) പറയുന്നു

**അല്ലാഹു മസീഹ്ബ്നു മർയമിനെ നിയോഗിക്കും. അദ്ദേഹം ദിമിഷ്ഖിന് കിഴക്കുള്ള വെള്ള മിനാരത്തിനടുത്ത് ഇറങ്ങും.**(മുസ്ലിം - ബാബുദിക്രിദ്ദജ്ജാൽ)

ഈ പ്രവചനത്തിന്റെ യാഥാർഥ്യം മസീഹ് മൗഊദ് വ്യക്തവും പ്രകാശമാനമായതുമായ തെളിവുകൾ കൊണ്ട് വരുമെന്നും അവ ന്യൂനതകളില്ലാത്തതും ദൂരെ ദൂരെ ദിക്കുകളിൽകൂടി പ്രകാശമേകുമെന്നുമാണ്.



ഹദ്റത്ത് മസീഹ് മൗഊദ്(അ) വെള്ളമിനാരത്തിന്റെ പ്രവചനം അതേ രൂപത്തിൽ പ്രതീകാത്മകമായും അവതരിപ്പിക്കാൻ ആഗ്രഹിച്ചു. അങ്ങിനെ ഹിജ്റാബ്ദം 1320 ദുൽഹജ്ജ് 13/1903 മാർച്ച് 13ന് തന്റെ പരിശുദ്ധ കരങ്ങളാൽ അദ്ദേഹം മിനാരത്തിന് ശിലാസ്ഥാപനം നടത്തി. അദ്ദേഹത്തിന്റെ അനുഗ്യഹീത കാലഘട്ടത്തിൽ അത് പൂർത്തിയായില്ല. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി 1914 നവം: 17 ന് രണ്ടാം ഘട്ട പ്രവർത്തനത്തിനുള്ള ശിലയിട്ടു. 1933-ൽ ടവർ ക്ലോക്ക് സ്ഥാപിച്ചു. 1938-39-ൽ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് പ്ലാസ്റ്റർ ചെയ്തു.

1980-81-ൽ മൂന്നാം ഖിലാഫത്ത് കാലത്ത് പ്ലാസ്റ്റർ മാറ്റുകയും മാർബിൾ സ്ലാബുകൾ പതിക്കുകയും ചെയ്തു.

(അഖ്ബാർ അഹ്മദിയ്യാ (ലണ്ടൻ) 1991 ഡിസംബർ പേജ്: 7)

### മുജാഹിദ് നേതാവ് മൗലവി സനാഉല്ലാഹ് അമൃത്സരി പറയുന്നു

ബറാഹീനെ അഹ്മദിയ്യായുടെ പ്രസിദ്ധീകരണം വരേയും എനിക്ക് മിർസാ സാഹിബിനെ കുറിച്ച് നല്ല അഭിപ്രായമാണുണ്ടായിരുന്നത്. ഒരിക്കൽ ഞാൻ (അന്നെനിക്ക് 17-18 വയസായിരുന്നു പ്രായം) കൂടിക്കാഴ്ചക്കുള്ള അത്യധികമായ ആഗ്രഹം കാരണം ബട്ടാല മുതൽ ഖാദിയാൻ വരെ കാൽ നടയായി പോയിട്ടുണ്ടായിരുന്നു.

(രിസാല താരീഖ് മിർസാ പേജ്: 53)

# ഹദ്റത് അഹ്മദ്(അ)

## പ്രധാന സംഭവങ്ങൾ

1835 ഫെബ്രുവരി 13 (1250 ശവ്വാൽ 14) ജനനം

1851 - ആദ്യ വിവാഹം

1863 - സിയാൽക്കോട്ടിൽ ഗുമസ്തനായി ഉദ്യോഗം

1868 - ജോലി രാജിവെക്കുന്നു, മാതാവിന്റെ മരണം

1876 - ആദ്യത്തെ ഇൽഹാം, 6 മാസം തുടർച്ചയായി നോമ്പനുഷ്ഠിക്കുന്നു.

1880 - ബറാഹീനെ അഹ്മദിയ്യാ ആദ്യഭാഗം പ്രസിദ്ധീകരണം

1881 - രണ്ടാം ഭാഗം പ്രസിദ്ധീകരണം

1882 - മൂന്നാം ഭാഗം പ്രസിദ്ധീകരണം, ദൈവനിയോഗിതനാണെന്ന ആദ്യത്തെ വെളിപാട്

1884 - ബറാഹീനെ അഹ്മദിയ്യാ നാലാം ഭാഗം പ്രസിദ്ധീകരണം

1884 - ദൈവിക നിർദ്ദേശ പ്രകാരം രണ്ടാം വിവാഹം: ഹ. നുസ്റത് ജഹാൻ ബേഗം(റ)മായി.

1886 - ഹോശിയാർപൂർയാത്ര, 40 ദിവസം തപോയജ്ഞം

ഫെബ്രു:20 - മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനമടങ്ങുന്ന വിളംബരം.

1889 - ബയ്അത്ത് ആരംഭിക്കുന്നു (ലുധിയാന), മുസ്‌ലിഹ് മൗഊദിന്റെ ജനനം

1890 - ഹ. ഈസാനബി(അ)യുടെ മരണത്തെക്കുറിച്ചുള്ള പ്രഖ്യാപനം

1890-1891 - വാഗ്ദത്ത മസീഹ് ആണെന്ന പ്രഖ്യാപനം, ഹദ്റത് മസീഹ് മൗഊദ്(അ)നെതിരിൽ കുഫ്ർ ഫത്‌വ

1891 - മൗ. മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുമായി സംവാദം , ജൽസാ സാലാന ആരംഭം

1892 - അബ്ദുൽ ഹക്കീം കാലാനൂരിയുമായി സംവാദം

1892 - വിവാഹപ്രവചനത്തിന്റെ ഭാഗമായി പെൺകുട്ടിയുടെ പിതാവ് അഹ്മദ് ബേഗ് മരണപ്പെടുന്നു.

1893 - പാതിരി അബ്ദുല്ലാഹ് ആഥിമുമായി സംവാദം

1894 - മഹ്ദിയുടെ അടയാളമായി ഒരേ റമദാനിൽ സൂര്യ ചന്ദ്രഗ്രഹണങ്ങൾ സംഭവിക്കുന്നു.

1895 - മിനനുർ റഹ്മാൻ പ്രസിദ്ധീകരിക്കുന്നു.ഇതിലാണ് അറബി, ഭാഷാ ജനനിയായണെന്ന് വെളിപ്പെടുത്തുന്നത്. ബാബാ ഗുരുനാനക്ക്(റഹ്) മുസ്‌ലിമാണെന്ന് തെളിവുകൾ സഹിതം സമർഥിക്കുന്നു. (ഗ്രന്ഥം സത്ബചൻ)

1896 - കാബൂൾ അമീറിന് തബ്ലീഗ് കത്ത്

1896 - എതിരാളികളെ മുബാഹലക്ക് ക്ഷണിക്കുന്നു.

1896 - സർവമത സമ്മേളനത്തിൽ ഇസ്‌ലാംമത തത്ത്വജ്ഞാനം അവതരിപ്പിക്കുന്നു (ലാഹോർ)

1897 - പ്രവചന പ്രകാരം പണ്ഡിറ്റ് ലേഖ്റാം കൊല്ലപ്പെടുന്നു. (മാർച്ച് 6)

1897 - വിക്ടോറിയ രാജ്ഞിയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്ത്, ഹുസൂർ(അ)നെതിരിൽ പാതിരി ഹെൻട്രി മാർട്ടിൻ ക്ളാർക്ക് വധോദ്യമകേസ് ഫയൽ ചെയ്യുന്നു. അൽഹക്കം പത്രം ആരംഭിക്കുന്നു. (ഒക്ടോബർ-8), തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂൾ ആരംഭിക്കുന്നു.

1898 - ഈസാനബി കുരിശിൽ തറക്കപ്പെട്ടെങ്കിലും അതിൽ നിന്ന് രക്ഷപ്പെട്ട് കശ്മീരിലെത്തി മരണമടഞ്ഞുവെന്ന് വിളംബരപ്പെടുത്തുന്നു.

1899 - ഈ കാര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള മസീഹ്ഹിന്ദുസ്ഥാൻ മേംഎന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു.

1899 - ഏറ്റവും ഇളയമകൻ സാഹിബ് സാദാ മിർസാ മുബാറക് അഹ്മദ്(റ) മരണപ്പെടുന്നു.

1900 - ഖുത്ബ ഇൽഹാമിയ: (ഹുസൂർ(അ) ജീവിതത്തിൽ ആദ്യമായി അറബിയിൽ ഖുത്ബ നിർവഹിക്കുന്നു.



1900 - ലാഹോർ ബിഷപ്പ് പാതിരി ഡോക്ടർ ലഫ്റോയിയെ വെല്ലുവിളിക്കുന്നു.

1900 - വാളുകൊണ്ടുള്ള ജിഹാദ് ഇക്കാലഘട്ടത്തിൽ അനുവദനീയമല്ലെന്നും എതിരാളികളെ അവരുടേതായ രീതിയിൽ നേരിടണമെന്നും പ്രഖ്യാപനം.

1901 - തന്റെ ജമാഅത്തിന്റെ പേര് അഹ്മദിയ്യാ ജമാഅത്തെന്നു വെക്കുകയും,കാനേഷുമാരിയിൽ തന്റെ ജമാഅത്തിലുള്ളവർ ഈ പേര് ചേർക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

1901 - തന്റെ നുബുവ്വത്ത് വിശദീകരിച്ചുകൊണ്ട് ഇക് ഗലതീ കാ ഇസാലഎന്ന ലഘുലേഖ പ്രസിദ്ധീകരിക്കുന്നു.

1902 - ചന്ദ: വ്യവസ്ഥിതി ആരംഭിക്കുന്നു.

1902 - റിവ്യൂ ഓഫ് റിലീജിയൻസ് ആരംഭിക്കുന്നു.

1902 - പഞ്ചാബിൽ പ്ലേഗ്, തന്റെ അനുയായികൾ പ്രതിരോധ കുത്തിവെപ്പ് എടുക്കേണ്ടെന്ന് പ്രഖ്യാപനം.

1903 - മിനാരത്തുൽ മസീഹിന് തറക്കല്ലിടുന്നു. കിശ്തി നൂഹ് പ്രസിദ്ധീകരണം.

1903 - ജഹ്ലം യാത്ര

1903 - കാബൂളിൽ, ഹദ്റത് ശഹ്സാദാ സയ്യിദ് അബ്ദുൽ ലതീഫ് സാഹിബ്( റ)നെ ഭരണകൂടം കാഫിറെന്ന് മുദ്രകുത്തി കല്ലെറിഞ്ഞു ശഹീദാക്കുന്നു.

1904 - ലാഹോർ യാത്ര

1904 - താൻ കൽകി അവതാരമാണെന്ന് പ്രഖ്യാപിക്കുന്നു.

1905 - ഹ. മൗ. അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ)ന്റെ വഫാത്ത്.

1905 - കാംഗ്ടയിൽ ഭൂകമ്പം

1905 - ഡൽഹി, ലുധിയാന, അമൃത്സർ യാത്ര,ലക്ചർ ലുധിയാന. അമൃത്സറിൽ ശത്രുക്കൾ ഹുസൂർ (റ) യാത്ര ചെയ്ത വാഹനം അക്രമിക്കുന്നു.

1905 - നിസാമെ വസിയ്യത്ത് ആരംഭിക്കുന്നു. അൽ വസിയ്യത്ത് പ്രസിദ്ധീകരണം. ബഹിശ്തി മഖ്ബറ.

1906 - ഇസ്‌ലാം മത പ്രചരണാർഥം പണ്ഡിതരെ വാർത്തെടുക്കുന്ന മദ്റസ അഹ്മദിയ്യാ ആരംഭിക്കുന്നു.

1906 - സദ്ർ അഞ്ചുമൻ അഹ്മദിയ്യാ രൂപീകരിക്കുന്നു.

1907 - ബറാഹീനെ അഹ്മദിയ്യാ അഞ്ചാംഭാഗം, ഹഖീഖത്തുൽ വഹ്‌യ്, തുടങ്ങിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നു.

1907 - ആര്യസമാജക്കാർ നടത്തിയ സമ്മേളനത്തിൽ അവതരിപ്പിക്കാൻ ഹുസൂർ(അ) പ്രബന്ധം തയ്യാറാക്കുകയും, ഹദ്റത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് അത് അവതരിപ്പിക്കുകയും ചെയ്തു. പ്രബന്ധ വിഷയം ലോകത്ത് ദൈവിക ഗ്രന്ഥം ഉണ്ടെങ്കിൽ ഏത് എന്നായിരുന്നു. വാഗ്ദാനത്തിന് വിപരീതമായി ആര്യസമാജക്കാർ തങ്ങളുടെ അവസരത്തിൽ ഇസ്‌ലാമിനെ അധിക്ഷേപിച്ചു പ്രസംഗിച്ചു. ഇതിന് മറുപടിയായി ഹുസൂർ(അ) ചശ്മയെ മഅ്രിഫത്ത് രചിക്കുകയുണ്ടായി.

1907 - മസീഹ് ചമഞ്ഞ എതിരാളി ഡോ. അലക്സാണ്ടർ ഡ്യൂയിയുടെ മരണം.

1908 - ഫൈനാൻഷ്യൽ കമീഷണർ ഖാദിയാനിൽ ഹുസൂർ(അ)മായി കൂടിക്കാഴ്ച.

1908 - ഖാദിയാനിൽ 2 അമേരിക്കൻ സഞ്ചാരികൾ എത്തുന്നു.

1908 - ലാഹോർയാത്ര, മൈത്രിസന്ദേശം തയ്യാറാക്കുന്നു.

1908 മെയ് 26 ഹി. 1326 റബീഉസ്സാനി 24- രാവിലെ 10 മണിക്ക് വഫാത്ത്.

1908 മെയ് 27- ഖാദിയാൻ ബഹിശ്തി മഖ്ബറയിൽ ഖബറടക്കം. ഒന്നാം ഖലീഫ ഹ. മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ് (റ) ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി.

## മുജാഹിദ് പണ്ഡിതൻ

### മൗലവി അബുൽ ഹസൻ അലി നദ്‌വി പറയുന്നു




19-ാം നൂറ്റാണ്ടിന്റെ ഒടുക്കം.................. . വേരുറച്ച വിശ്വാസവും ആണ്ടിറങ്ങിയ വിജ്ഞാനവും ആഴവും പരപ്പുമുള്ള പഠനവും അനിവാര്യമായിരുന്നു. ഉന്നതമായ ബുദ്ധിയും ഏറെ ക്രിയാത്മകമായ ബോധവും മനോധൈര്യവും ശക്തമായ വ്യക്തിത്വവും ഉയർന്ന ആത്മീയ ബോധവും വേണം.

ധർമ സമരത്തിന്റെ ചൂടും ചുണയുമുള്ള ഒരു മുജദ്ദിദിന്റെ അനിവാര്യത ഇസ്‌ലാമിക ലോകത്ത് വ്യക്തമായി...........

ഇസ്‌ലാമിക ലോകത്തെ ഒന്നിപ്പിക്കുകയും പുതിയൊരു ജീവിതം സമ്മാനിക്കുകയും തന്റെ ഈമാന്റെ ശക്തിയും അറിവിന്റെ വെൺമയും സമരാവേശവും ഉപയോഗിച്ച് പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നാക്രമണം നേരിടാനും കഴിവുള്ള ഒരു പ്രബോധകനെ ആവശ്യപ്പെടുകയായിരുന്നു ഇസ്‌ലാമിക ലോകം! ഈ ദുർഘട സന്ധിയിൽ വളരെ ശക്തിയായും വ്യക്തമായും ഇസ്‌ലാമിക സമൂഹത്തിലെ ഇമ്മാതിരി ജാഹിലിയ്യത്തിനോട് സമരം ചെയ്യാനും പരിപാവനമായ യഥാർഥ തൗഹീദിലേക്കും കലർപ്പില്ലാത്ത തിരുചര്യയിലേക്കും ക്ഷണിക്കാനും ഒരു ധീരനായ പരിഷ്കർത്താവ് അത്യാവശ്യമാണെന്ന് ഇതൊക്കെ തെളിയിച്ചു. സമൂഹം അരാജകത്വത്തിലേക്കും ധാർമികാധഃപതനത്തിലേക്കും ആഞ്ഞു വീഴുകയായിരുന്നു. ഇതൊക്കെതന്നെ തന്ത്രജ്ഞനായ ഒരു സാമൂഹിക പരിഷ്കർത്താവിന്റെ അനിവാര്യത വിളിച്ചോതി.

ഇസ്‌ലാമിക ലോകത്ത് വലിയ ഇളക്കം സംഭവിച്ച ഈ വിഷമകരമായ ചുറ്റുപാടിലാണ് മിർസാ ഗുലാം അഹ്മദ് കടന്നുവരുന്നത്. (ഖാദിയാനിസം പേജ്:176-181)ഇസ്‌ലാമിനു വേണ്ടി ശബ്ദിക്കുകയും അദ്ദേഹത്തിന് ഉണ്ടായിട്ടുള്ള വളരെയേറെ ഇൽഹാമുകളുടേയും ദർശനങ്ങളുടേയും വെളിച്ചത്തിൽ ജനങ്ങൾ അദ്ദേഹം ഒരു വലിയാണെന്ന് വിശ്വസിക്കുകയും ചെയ്ത സാഹചര്യം...

(ഖാദിയാനിസം പേജ്:55 പ്രസിദ്ധീകരണം-1, അവിഭക്ത KNM വിവ: സുഹൈർ ചുങ്കത്തറ)



നമുക്ക് താരതമ്യം ചെയ്യാം.

وَاِذۡ قَتَلۡتُمۡ نَفۡسًا فَادّٰرَءۡتُمۡ فِيۡهَا ؕ وَاللّٰهُ مُخۡرِجٌ مَّا كُنۡتُمۡ تَكۡتُمُوۡنَ ۚ‏ ﴿۷۳﴾ فَقُلۡنَا اضۡرِبُوۡهُ بِبَعۡضِهَا ؕ كَذٰلِكَ يُحۡىِ اللّٰهُ الۡمَوۡتٰى ۙ وَيُرِيۡكُمۡ اٰيٰتِهٖ لَعَلَّكُمۡ تَعۡقِلُوۡنَ ﴿۷۴﴾

(വി.ഖു 2.73,74)

## ഇറച്ചികൊണ്ട് ശവത്തെ അടിക്കുന്നു!

**അമാനി മൗലവി**

**അർഥം**:(ഇസ്രാഈൽ സന്തതികളേ,) നിങ്ങൾ ഒരു ദേഹത്തെ(ആളെ)കൊലപ്പെടുത്തിയിട്ട് അതിൽ നിങ്ങൾ അന്യോന്യം (ആരോപണം നടത്തി) ഒഴിഞ്ഞ് മാറിയ സന്ദർഭം (ഓർക്കുക), അല്ലാഹുവാകട്ടെ, നിങ്ങൾ ഒളിച്ചുവെച്ചുകൊണ്ടിരിക്കുന്നതിനെ വെളിക്ക് വരുത്തുന്നവനുമത്രെ.

അപ്പോൾ നാം പറഞ്ഞു : നിങ്ങൾ അവനെ അതിന്റെ (പശുവിന്റെ) ചില ഭാഗം (അഥവാ ഒരംശം) കൊണ്ട് അടിക്കുവിൻ. അപ്രകാരം അല്ലാഹു മരണപ്പെട്ടവരെ ജീവിപ്പിക്കുന്നു. നിങ്ങൾ ബുദ്ധികൊടു(ത്തു ചിന്തി)ക്കുവാൻ വേണ്ടി അവന്റെ ദൃഷ്ടാന്തങ്ങളെ അവൻ നിങ്ങൾക്ക് കാണിച്ചു തരുകയും ചെയ്യുന്നു.

**വ്യാഖ്യാനം**: മുമ്പ് പ്രസ്താവിച്ചതുപോലെ, സംഭവത്തിന്റെ ആദ്യഭാഗമാണിത്. ഒരാൾ കൊല്ലപ്പെടുകയുണ്ടായി. ഘാതകൻ ആരായിരുന്നുവെന്നും വധത്തിന് കാരണമെന്തായിരുന്നുവെന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല. കഥ വിവരിക്കലല്ലല്ലോ ഉദ്ദേശ്യം. കഥാപാഠം മനസിലാകുന്നതിന് അതൊന്നും അറിയേണ്ടതുമില്ല. ഇസ്രാഈല്യർക്കിടയിൽ മുമ്പുനടന്നതും അതിനെതുടർന്ന് അല്ലാഹുവിന്റെ മഹത്തായ കഴിവിനും മരണാനന്തരജീവിതത്തിനും ഒരു ദൃഷ്ടാന്തമായിരുന്നതുമായ ഒരു സംഭവമെന്ന നിലക്കാണ് ഇതിവിടെ ഉദ്ധരിച്ചിരിക്കുന്നത്. 73-ാം വചനത്തിലെ അവസാനത്തെ രണ്ട് വാക്യങ്ങളിൽ നിന്നും ഇത് ശരിക്കും മനസിലാക്കാം. അങ്ങനെയുള്ള ദൃഷ്ടാന്തത്തിന്റെ പാരമ്പര്യം പുലർത്തിപ്പോരുന്ന നിലവിലുള്ള ഇസ്രാഈല്യരെ താക്കീത് ചെയ്യലും അവരെ നേർമാർഗത്തിലേക്ക് ക്ഷണിക്കലുമാണ് അവരെ അഭിമുഖീകരിച്ചുകൊണ്ട് മുമ്പ് കഴിഞ്ഞ ആ സംഭവം വിവരിച്ചതിന്റെ ലക്ഷ്യം. അടുത്ത വചനത്തിൽ നിന്ന് ഈ വസ്തുത കുറേക്കൂടി മനസിലാക്കാവുന്നതാണ്.

യഥാർഥ കൊലയാളി ആരെന്നറിയാതെ അവർ അന്യോന്യം ആരോപണവും പ്രത്യാരോപണവുമായി ഭിന്നിപ്പും വഴക്കുമായി. കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ച പ്രകാരം അറുക്കപ്പെട്ടിരുന്ന ആ പശുവിന്റെ ഏതോ ഒരംശം എടുത്ത് അതുകൊണ്ട് ആ കൊല്ലപ്പെട്ടവനെ അടിക്കുവാൻ ആ അവസരത്തിൽ അല്ലാഹു കൽപിച്ചു. ആ അംശം ഏതായിരുന്നുവെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. അംശം ഏതായിരുന്നാലും ശവത്തിന് ജീവൻ നൽകുന്നതിൽ അതിന് പ്രത്യേക സ്ഥാനമൊന്നുമില്ലെന്നും അല്ലാഹുവിന്റെ ഉദ്ദേശ്യവും കൽപനയും മാത്രമാണതിന് കാരണമാകുന്നതെന്നും വ്യക്തമാണ്. ആ അംശം കൊണ്ടടിച്ചപ്പോൾ മുതലദേഹത്തിന് ജീവൻ തിരിച്ചുവന്നുവെന്നും, എന്നെ വധിച്ചത് ഇന്ന ആളാണെന്ന് അത് പറയുകയുണ്ടായെന്നുമാണ്- എതിരായ തെളിവുകളൊന്നുമില്ലാത്ത സ്ഥിതിക്ക് - ആയത്തിന്റെ ശൈലിയിൽ നിന്ന് വ്യക്തമാകുന്നത്. ഖുർആൻ വ്യാഖ്യാതാക്കളും അതാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. (ഖുർആൻ വിവരണം ഭാഗം : 1, പേജ്: 195, 196, നാലാം പതിപ്പ് 2000, KNM പ്രസിദ്ധീകരണം)

**മൗലാനാ മൗദൂദി**

**അർഥം**:നിങ്ങൾ ഒരാളെ വധിക്കുകയും എന്നിട്ട് കൊലക്കുറ്റം അന്യോന്യം ആരോപിക്കുകയും ചെയ്ത സംഭവം നിങ്ങൾക്ക് ഓർമ്മയുള്ളതാണല്ലോ. അല്ലാഹുവോ, നിങ്ങൾ ഒളിച്ചുവയ്ക്കുന്നതിനെ വെളിക്കു കൊണ്ടുവരാൻ തീരുമാനിച്ചിരുന്നു. ആ സമയം നാം കല്പിച്ചു: വധിക്കപ്പെട്ടവന്റെ ജഢത്തെ അതിന്റെ ഒരു ഭാഗംകൊണ്ട് അടിക്കുക. നോക്കുക, ഇവ്വിധം അല്ലാഹു ശവങ്ങളെ ജീവിപ്പിക്കുന്നു. നിങ്ങൾക്ക് അവന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചുതരുകയും ചെയ്യുന്നു; നിങ്ങൾ ഗ്രഹിക്കുന്നതിനു വേണ്ടി.

**വ്യാഖ്യാനം**:ഘാതകൻ ആരെന്നറിയിക്കാൻ മാത്രം അല്പനേരത്തേക്ക് വധിക്കപ്പെട്ടവനിൽ വീണ്ടും ജീവൻ വന്നുവെന്ന് ഇതിൽനിന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. എന്നാൽ അതിന്നായി സ്വീകരിക്കപ്പെട്ട മാർഗ്ഗത്തിൽ, ജഡത്തെ അതിന്റെ ഒരു ഭാഗം കൊണ്ട് അടിക്കുക എന്ന് പറഞ്ഞതിൽ അൽപം അവ്യക്തത തോന്നുന്നു. എങ്കിലും ഇതിന്നു പൗരാണിക വ്യാഖ്യാതാക്കൾ കൊടുത്ത അർഥം തന്നെയാണ് കൂടുതൽ അനുയോജ്യമായി തോന്നുന്നത്. അതായത്, അറുക്കപ്പെട്ട പശുവിന്റെ മാംസം കൊണ്ട് വധിക്കപ്പെട്ടവന്റെ ദേഹത്തിൽ അടിക്കുവാൻ കല്പിച്ചു. അങ്ങനെ ഒരേ കൃത്യം കൊണ്ട് രണ്ട് ഫലമുണ്ടായി. ഒന്നാമതായി, അല്ലാഹുവിന്റെ അപാരമായ ശക്തിയുടെ ദൃഷ്ടാന്തം അതുവഴി കാണിക്കപ്പെട്ടു. രണ്ടാമതായി, പശുഭക്തിയുടെയും അതൊരാരാധ്യ വസ്തുവാണെന്ന തെറ്റുധാരണയുടെയും നേർക്കുള്ള ഒരു ആഞ്ഞടിയുമായിരുന്നു അത്. ആ നാമമാത്ര ആരാധ്യവസ്തുവിന്റെ കൈവശം വല്ല ശക്തിയുമുണ്ടായിരുന്നെങ്കിൽ അതിനെ അറുക്കുന്നതിനാൽ എന്തെങ്കിലും ആപത്താണ് ഉണ്ടാകേണ്ടിയിരുന്നത്. മറിച്ച് അതിനെ അറുത്തത് ഇപ്പോൾ മറ്റൊരുവിധത്തിൽ ഉപകാരപ്രദമാവുകയാണ് ചെയ്തിരിക്കുന്നത്.(തഫ്ഹീമുൽ ഖുർആൻ ഭാഗം: 1, പേജ്: 80)

**ഹ:മുസ്‌ലിഹ് മൗഊദ്(റ)**

**പശുവിന്റെ ഇറച്ചികൊണ്ടുള്ള അടി -യാഥാർഥ്യമെന്ത് ?**

പശുവിന്റെ ഇറച്ചികൊണ്ടടിച്ചു എന്നതിന് യാതൊരു പ്രാമാണിക തെളിവും ഇല്ല.

ഈ സംഭവം ഇദ് എന്നതുകൊണ്ടാണ് ആരംഭിക്കുന്നത്. നേരത്തെയുള്ള ആയത്തുകളിലും ഈ പ്രയോഗം കാണാം. എല്ലാം വ്യത്യസ്ത സംഭവങ്ങളാണ്. അതുകൊണ്ട് തന്നെ ഇതും മുൻപറഞ്ഞ റുകൂഇലെ ആയത്തിൽ നിന്നും ഭിന്നമായ സംഭവമാണ്. പശുഇറച്ചികൊണ്ട് കൊല്ലപ്പെട്ടവനെ അടിച്ചു ജീവിപ്പിക്കുന്നതിന്ന് പരസ്പരം യാതൊരു ബന്ധവുമില്ല.

അത്ഭുതം എന്ന നിലക്ക് ജീവിപ്പിക്കാനാണെങ്കിൽ പശുവിനെഅറുത്ത് അതിന്റെ ഇറച്ചികൊണ്ട് അടിക്കേണ്ട ആവശ്യം എന്താണുള്ളത്?

ഹ. മൂസാ (അ)ന്റെ ദുഃആകൊണ്ട് ജീവിപ്പിക്കാമല്ലോ (സാധാരണ മുസ്‌ലിംകൾ ഈസാ (അ)ന്റെ ദുഃആകൊണ്ട് മരിച്ചവർ ജീവിച്ചുവെന്ന് വിശ്വസിക്കുന്നവരാണല്ലോ?)

പശുവിന്റെ ഇറച്ചിയിൽ വല്ല ഔഷധ ഗുണവുമുള്ളതുകൊണ്ടാണ് മരിച്ചവൻ ജീവിച്ചതെന്നാണെങ്കിൽ ഇന്ന് ആ ഔഷധഗുണം എവിടെപ്പോയി?

പ്രത്യേകപ്പെട്ട പശുവാണെങ്കിൽ, അല്ലാഹു ആദ്യം സാധാരണ പശുവിനെ അറുക്കാൻ എന്തിനു കൽപ്പിച്ചു?

ഈ രണ്ട് ആയത്തുകളേയും പരസ്പരം (മുൻ റുകൂഇലെ അവസാനആയത്തും മേൽ ഉദ്ധരിച്ച ആയത്തും) ബന്ധിപ്പിക്കുന്നതിന് ബുദ്ധിപരമായി യാതൊരു കാരണവുമില്ല.

യഹൂദ കഥകളുടെ അടിസ്ഥാനത്തിലാണ് യോജിപ്പിക്കുന്നതെങ്കിൽ, അംഗീകൃത നിവേദനങ്ങൾ അതിന്ന് എതിരാണ് താനും. (തഫ്സീർ കബീർ ഭാഗം :1, പേജ് : 514)

**ആയത്തിന്റെ വിവക്ഷ** :


വ ഇദ് ഖത്തൽത്തും നഫ്സൻ എന്നതുകൊണ്ട് ഹദ്റത് ഈസാ നബിയുടെ കുരിശു സംഭവമാണ് വിവക്ഷ. അതേ കുറിച്ച് ക്രിസ്ത്യാനികൾ പറയുന്നത് മസീഹ് സ്വന്തം ഇഷ്ടപ്രകാരം കുരിശിലേറി എന്നാണ്. കാരണം അദ്ദേഹം ലോകത്തിന്റെ പ്രായശ്ചിത്തമാകാൻ ആഗ്രഹിച്ചിരുന്നുവത്രെ! യഹൂദികൾ പറഞ്ഞത് ഇന്നാ ഖത്തൽനൽ മസീഹ (ഞങ്ങൾ മസീഹിനെ കൊന്നിരിക്കുന്നു) എന്നാണ്. അല്ലാഹു പറയുന്നു രണ്ട് കൂട്ടരും കള്ളമാണ് പറയുന്നത്. യഥാർഥത്തിൽ യേശു കുരിശിൽ നിന്നും ജീവനോടെ ഇറക്കപ്പെടുകയാണുണ്ടായത്. ഇത്തരം അവസ്ഥയിൽ കുരിശിൽ നിന്ന് ഇറക്കപ്പെട്ടവരുടെ അവസ്ഥ ചരിത്രത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചാൽ മനസിലാവും അവർ ജീവനുള്ളവരായിരുന്നുവെന്ന്. ചുരുക്കത്തിൽ ഈസാനബിയും കുരിശിൽ നിന്ന് ഇറക്കപ്പെട്ടത് ജീവനോടെയാണ്. വിശുദ്ധഖുർആൻ ഇത് സംബന്ധിച്ച് പറയുന്നത് നിങ്ങൾ ഒരാളെ കൊലപ്പെടുത്തി എന്നാണ്. അതായത് നിങ്ങൾ അവകാശപ്പെടുന്നു എന്ന് സാരം. യഹൂദികൾ പറഞ്ഞതായി കാണാം. ഇന്നാ ഖത്തൽനൽ മസീഹ ഈസബ്നുമർയമ റസൂലല്ലാഹ്, ക്രിസ്ത്യാനികൾ പറയുന്നു അദ്ദേഹം ഞങ്ങൾക്ക്വേണ്ടി പ്രായശ്ചിത്തമായി മരിച്ചുവെന്നും. (തഫ്സീർ സഗീർ)

(ഉറബ) എന്ന പദം അടിക്കുക എന്ന അർഥത്തിൽ മാത്രമല്ല, ഭാഷാപ്രയോഗമനുസരിച്ച് താരതമ്യപ്പെടുത്തുക, വിശദീകരിക്കുന്ന എന്ന രീതിയിലും ഉപയോഗിക്കാറുണ്ട്.

ഉദാ: ഉറബല്ലാഹു മസ്‌ലൻ (അല്ലാഹു ഉപമകൾ വിവരിക്കുന്നു).

(ഇങ്ങിനെ അല്ലാഹു മരിച്ചവരെ ജീവിപ്പിക്കുന്നു) അതായത് നിങ്ങൾ മരിച്ചവരെന്ന് മനസിലാക്കുന്നവർ യഥാർഥത്തിൽ ജീവിച്ചിരിപ്പുള്ളവരാണെന്ന് അല്ലാഹു മനസിലാക്കിത്തരുന്നു. (തഫ്സീർ കബീർ ഒന്നാം ഭാഗത്തുനിന്ന്)

## പുണ്യാത്മാക്കൾ



### ഹദ്റത് മൗലാനാ സുഹൂർ ഹുസയ്ൻ സാഹിബ്

- ജനനം : 1898
- വഫാത്ത്: 2/2/1982

-റഷ്യയിലേക്ക് നിയോഗിക്കപ്പെട്ട ആദ്യത്തെ മുബല്ലിഗ് ആയിരുന്നു. (1924 - 1926)

-ബ്രിട്ടീഷ് ചാരനെന്ന മുദ്രകുത്തി റഷ്യയിൽ ഇദ്ദേഹത്തിന് രണ്ട് വർഷത്തോളം ജയിൽ വാസമനുഷ്ടിക്കേണ്ടിവന്നിരുന്നു. കഠിന പീഡനങ്ങളാണ് സഹിക്കേണ്ടിവന്നത്. അതിന്റെ അടയാളങ്ങൾ ശരീരത്തിൽ മരണം വരെയും ഉണ്ടായിരുന്നു.

-റഷ്യയിൽ നിന്ന് തിരിച്ചുവന്നശേഷം ജാമിഅ അഹ്മദിയ്യയിൽ പ്രൊഫസറായി സേവനമനുഷ്ടിച്ചു.

-കൂടാതെ ചീഫ് ഇൻസ്പെക്ടർ ബയ്തുൽ മാൽ, ഇൻചാർജ് രിഷ്തനാത്വ എന്നീ തസ്തികകളിലും ഖിദ്മത്തിന് അവസരം ലഭിച്ചിട്ടുണ്ട്.

-1938- ൽ ഖുദ്ദാമുൽ അഹ്മദിയ്യാ രൂപീകരിച്ചപ്പോൾ അതിലെ 10 അംഗങ്ങളിൽ ഒരാളായിരുന്നു മൗലാനാ സാഹിബ്.

-കൂടാതെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആദ്യത്തെ നാഇബ് സദ്റും ആയിരുന്നു.

-മക്കൾ : 3 ആൺമക്കളും, 3 പെൺമക്കളും.

-മൗലാനാ സാഹിബിന്റെ ജനാസ നമസ്കാരത്തിന് ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) നേതൃത്വം നൽകി.

-ബഹിശ്തി മഖ്ബറ റബ്‌വയിലാണ് കബറടക്കിയത്.



# എനിക്കെതിരിൽ ശാപപ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ല

**ഹദ്റത് അഹ്മദ് (അ)**

ഞാൻ നിഷേധികളായ ഉലമാക്കളോടും അവരുടെ ചിന്താഗതിയുള്ള ആളുകളോടും അല്ലാഹുവിനെ മുൻനിർത്തി ഉപദേശിക്കുകയാണ്. തെറിപറയുന്നതും ദുർവാക്ക് പ്രയോഗിക്കുന്നതും മാന്യമായ രീതിയല്ല. പക്ഷേ ഇതുതന്നെയാണ് നിങ്ങളുടെ സ്വഭാവമെങ്കിൽ നിങ്ങളുടെ ഇഷ്ടം.

എന്നാൽ നിങ്ങൾ എന്നെ കള്ളവാദിയെന്ന് കരുതുന്നുവെങ്കിൽ മസ്ജിദുകളിൽ ഒരുമിച്ചുകൂടിയോ, വെവ്വേറെയോ എനിക്കുമേൽ ശാപപ്രാർഥന നടത്തുകയും കരഞ്ഞുകരഞ്ഞ് എന്റെ സമ്പൂർണ നാശമാഗ്രഹിക്കുകയും ചെയ്യാവുന്നതാണ്. ഞാൻ കള്ളവാദിയാണെങ്കിൽ ആ ദുഃആകൾ സ്വീകരിക്കപ്പെടുന്നതാണ്. നിങ്ങളാകട്ടെ എപ്പോഴും ദുഃആ ചെയ്യുന്നു. എന്നാൽ ഓർക്കുക നിങ്ങളുടെ നാവുകളിൽ പുണ്ണാവുന്നത്രയും നിങ്ങൾ ദുഃആ ചെയ്താലും, നാഡികൾ തേഞ്ഞുപോവുകയും, അശ്രുധാരയാൽ കൺകുഴികൾ ചീയുകയും, കൺപോളകൾ ഉതിർന്നു വീണാലും, അധികമായ കരച്ചിൽ കാരണം കാഴ്ച കുറഞ്ഞുപോയാലും അവസാനം മസ്തിഷ്കം ശൂന്യമായി അപസ്മാരം ബാധിക്കുകയോ ഭ്രാന്ത് പിടിക്കുകയോ ചെയ്താലും ആ ദുഃആകൾ സ്വീകരിക്കപ്പെടുന്നതല്ല. കാരണം, ഞാൻ ദൈവത്തിൽനിന്നുള്ളവനത്രെ. എനിക്കെതിരിൽ ശാപപ്രാർഥന ചെയ്താൽ അത് അയാൾക്ക് മേൽ തന്നെ പതിക്കുന്നതാണ്. .......... അവരുടെ മുൻ കഴിഞ്ഞവരും, വരാനുള്ളവരും, ജീവിച്ചിരിപ്പുള്ളവരും, മരിച്ചവരും എല്ലാവരും ഒന്നുചേർന്ന് എന്റെ നാശത്തിനുവേണ്ടി പ്രാർഥിച്ചാലും, എന്റെ ദൈവം, അതെല്ലാം ശാപമാക്കികൊണ്ട് അവരുടെ മുഖത്തേക്കുതന്നെ അടിക്കുന്നതാണ്.

മരണം സംഭവിക്കുമാറ് ശാപപ്രാർഥനകളിൽ മുഴുകിയ ശേഷവും നോക്കുക, നിങ്ങൾക്ക് എന്ത് കോട്ടം വരുത്താൻ കഴിഞ്ഞു എന്ന്? (അനുബന്ധം അർബഈൻ പേജ്: 3-7)

ഞാൻ ഉറപ്പായും വിശ്വസിക്കുന്നു, അല്ലാഹു ഒരു ശത്രുവിന് മുന്നിലും എന്നെ പരാജിതനാക്കുന്നതല്ല. കാരണം, ഞാൻ അവനിൽ നിന്നുള്ളവനാകുന്നു. അവന്റെ ദീനിനെ പുനരുജ്ജീവിപ്പിക്കാൻ അവന്റെ ആജ്ഞയനുസരിച്ചാണ് ഞാൻ വന്നിരിക്കുന്നത്.

പോരാട്ടത്തിൽ ദൈവിക സഹായം വിശ്വാസികൾക്കൊപ്പമാണ് ഉണ്ടാവുക. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

വലാ തഹിനൂ വലാ തഹ്സനൂ വ അൻതുമുൽ അഅ്ലൗന ഇൻ കുൻതും മുഅ്മിനീൻ

വിശ്വാസികളേ, പോരാട്ടത്തിൽ ഹതാശരാവരുത്, സംശയിക്കുകയുമരുത്, നിങ്ങൾ യഥാർഥത്തിൽ വിശ്വാസികളാണെങ്കിൽ അവസാന ആത്യന്തിക വിജയം നിങ്ങൾക്കുള്ളതാണ്.

വീണ്ടും പറയുന്നു:

ലൻ യജ്അലല്ലാഹു ലിൽകാഫിരീന

അലൽ മുഅ്മിനീന സബീലാ

അതായത്, അല്ലാഹു ഒരിക്കലും നിഷേധികൾക്ക് വിശ്വാസികൾക്ക് മേൽ വഴിയൊരുക്കുന്നതല്ല.

(ആസ്മാനീ ഫൈസല പേജ്: 22-24)

അല്ലാഹു അവന്റെ വരിഷ്ഠ ദാസന്മാർക്ക് നൽകുന്ന പ്രകാശത്താൽ എന്നെ സവിശേഷപ്പെടുത്തിയിരിക്കുന്നു. അതിനെ എതിരിടാൻ നിങ്ങ ൾക്ക് സാധ്യമല്ല. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ എതിർക്കാൻ മുന്നോട്ട് വരൂ! ഉറപ്പായും അറിഞ്ഞുകൊള്ളുക, നിങ്ങൾക്ക് എന്നെ എതിർക്കാൻ സാധ്യമല്ല. നിങ്ങൾക്ക് നാവുകൾ ഉണ്ടായിരിക്കാം പക്ഷേ ഹൃദയമില്ല, ശരീരമുണ്ടായിരിക്കാം പക്ഷേ ആത്മാവില്ല, കണ്ണുകളിൽ കൃഷ്ണമണിയുണ്ടെങ്കിലും അതിൽ പ്രകാശമില്ല!

(ഫത്ഹെ ഇസ്‌ലാം പേജ് :14 അടിക്കുറിപ്പ്)

എതിരാളികൾ സാക്ഷ്യം വഹിക്കുന്നു

## ലോകം മുഴുവൻ അഹ്മദിയ്യത്ത്

**സുന്നികളുടെ മുഖപത്രമായ സിറാജ് (18-1-1993)**

സിറാജ് ദിനപത്രം

"മുസ്‌ലിം ഭൂരിപക്ഷ രാഷ്ട്രമായ നൈജീരിയ ഇസ്‌ലാമികവൃത്തത്തിൽനിന്ന് പുറത്തുപോയ ഖാദിയാനിസത്തിന്റെ ശക്തിദുർഗ്ഗവും കളിത്തൊട്ടിലുമായി മാറിക്കൊണ്ടിരിക്കുന്നു."

**ജമാഅത്തെ ഇസ്‌ലാമി ജിഹ്വയായ ബോധനം (1994 ജൂലൈ 16)**

ബോധനം ദ്വൈമാസിക

"അമേരിക്കയിൽ ഖാദിയാനിസത്തിന് ശക്തമായ വേരുകളുണ്ട്................ യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഖാദിയാനികൾ പരന്നുകിടക്കുന്നു............ ഘാന, നൈജീരിയ, ഐവറികോസ്റ്റ്, ലൈബീരിയ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലൊക്കെ ഖാദിയാനികളുടെ സാന്നിധ്യം വളരെ പ്രകടമാണ്......... ഖാദിയാനികളുടെ ശക്തികേന്ദ്രങ്ങളിൽ ഒന്നാണ് ബ്രിട്ടൺ, തലസ്ഥാനനഗരിയായ ലണ്ടനിൽതന്നെ ഒന്നിലധികം പള്ളികളുണ്ട് അവർക്ക്........ ഈയിടെ ചൈനീസ് ഭാഷയുമായി ഖാദിയാനികൾ രംഗപ്രവേശനം ചെയ്തിരിക്കുന്നു. ഇസ്റായീലിലും ഖാദിയാനികൾക്ക് ഊഷ്മളമായ സ്വീകരണമാണ് ലഭിക്കുന്നത്. അധിനിവേശ പലസ്തീനിൽ അവർക്ക് സ്കൂളുകളും കേന്ദ്രങ്ങളും ഉണ്ട്."




**ഒരോരുത്തർക്കും എത്ര ആയുസാണോ എഴുതപ്പെട്ടിരിക്കുന്നത് അതിൽ കൂടുതൽ ജീവിച്ചിരിക്കില്ലെന്നറിഞ്ഞിട്ടും ദീർഘായുസിനുവേണ്ടി പ്രാർഥിക്കുന്നതെന്തിനുവേണ്ടിയാണ്?**

എഴുതപ്പെട്ട ആയുസ് താങ്കൾ വിചാരിക്കുന്നത് പോലെയല്ല. ദീർഘായുസ് എഴുതപ്പെട്ടിരിക്കുന്നുവെന്നതിന്റെ വിവക്ഷ ആയുസ്സിന്റെ അവസാന പരിധിയാണ്. അത് എല്ലാ ഓരോരുത്തരിലും ഉണ്ട്. ജനിറ്റക്കൽ ആയും എഴുതിയിരിക്കുന്നു. അതല്ലെങ്കിൽ അല്ലാഹു എഴുതുന്ന രീതിയനുസരിച്ച്.

അതായത് താങ്കൾ ഏതെങ്കിലും ഒരു സാധനത്തിന്റെ മൊത്തം ആയുർദൈർഘ്യം എഴുതുന്നു. ഇത്ര കൊല്ലത്തിലധികം ഇത് ചലിക്കുകയില്ല. പാലം ഉണ്ടാക്കുന്ന എൻജിനീയർമാർ അതിന്റെ ആയുസ് എഴുതുന്നു. ഇത് ഇൽമുൽ ഖയിൽ (വൈജ്ഞാനിക ജ്ഞാനം) ആണ്. അതിന്റെ ഭാഗങ്ങൾക്ക് ഇത്ര കാലത്തിനുശേഷം കാര്യക്ഷമത തട്ടുന്നതാണ്. അത് ഇളകിത്തുടങ്ങുന്നതാണ്. അതുകൊണ്ട് ഇത്ര കാലത്തിനകം പാലം പൊളിയുന്നില്ലെങ്കിൽ പൊളിച്ചു മാറ്റേണ്ടതാണ്. അല്ലെങ്കിൽ അപകടമാണ് എന്നെല്ലാം അവർക്കറിയാം.

ഇതേ വിധത്തിൽ അല്ലാഹു എല്ലാ ഓരോ സൃഷ്ടിപ്പിലും, വ്യക്തിയിലും, വസ്തുവിലും, മൃഗത്തിലും അതിന്റെ പ്രകൃതിയും അവസ്ഥകളും, ജനിറ്റിക്കൽ നിയമങ്ങളും സംബന്ധിച്ച ആയുസിന്റെ അവസാനപരിധി നിർണ്ണയിച്ചിട്ടുണ്ട്. ഈ പരിധിയെ ഒരു ദുഃആയ്ക്കും വർധിപ്പിക്കുവാൻ സാധ്യമല്ല. ഇവിടെ എത്തുന്നതിനുള്ളിൽ ആ വ്യക്തി മരണപ്പെടുന്നതാണ്. അപകടങ്ങളുടെ അവസ്ഥ ഇതിനുപുറമേയാണ്. ഇത്തരം ഒരാൾ അപകടത്തിൽപ്പെട്ട് വളരെ മുമ്പേ മരണപ്പെടാവുന്നതാണ്. ഒരാൾ പഥ്യങ്ങൾ ശ്രദ്ധിക്കാതെ പ്രമേഹരോഗിയാകുമ്പോൾ അയാൾക്ക് നൽകപ്പെട്ട അവസാന ആയുർ ദൈർഘ്യ പരിധിവരെ എത്തുന്നതല്ല. നേരത്തെ മരണം സംഭവിക്കാം. അന്നപാനീയങ്ങളുടെ കാര്യത്തിൽ ഉചിതമായ ശ്രദ്ധ അനിവാര്യമാണ്. എല്ലാ വിധത്തിലും ആരോഗ്യത്തെ സംരക്ഷിക്കണം. അങ്ങിനെയായാൽ ദൈവകൃപയുണ്ടെങ്കിൽ ആയുസിന്റെ അന്ത്യം വരെ എത്താവുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദീർഘായുസിനുള്ള കുറിപ്പടി പറഞ്ഞിരിക്കുന്നത് മറ്റുള്ളവരെ സേവിക്കുക എന്നാണ്. ദരിദ്രരേയും പൊതുമനുഷ്യകുലത്തേയും സേവിച്ചാൽ അല്ലാഹു ജീവിത ദിവസങ്ങൾ വർദ്ധിപ്പിച്ചു തരുന്നതാണ്. അല്ലാഹു ഇയാളുടെ ആയുസ് വർദ്ധിപ്പിക്കേണമേയെന്ന് ആ നിരാലംബർ ദുഃആ ചെയ്യുന്നതാണ്.

(ബൈത്തുസ്സലാം- ബർസലസ്, ബൽജിയം 2-6-2000) അവലംബം : ബദ്ർ 25-10-2001

വിവർത്തനം : അബൂസ്വബാഹ്

വനിതാരംഗം

# തബ്ലീഗിൽ ശക്തരായി രംഗത്തിറങ്ങുക!

ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

നിങ്ങളിൽ എത്രപേർ കൃത്യമായി തബ്ലീഗ് ചെയ്യുന്നവരുണ്ട്? എന്റെ അഭിപ്രായത്തിൽ ആയിരത്തിൽ ഒരു സ്ത്രീ പോലും ഏതെങ്കിലും അഹ്മദി സ്ത്രീയുടെ തബ്ലീഗ് കാരണം അഹ്മദിയായിട്ടില്ല. അധികം സ്ത്രീകളും ഭർത്താവോ, സഹോദരനോ, പിതാവോ, മകനോ അഹ്മദി ആയതുകൊണ്ടാണ് അഹ്മദിയായത്. അതായത് ഈ സ്ത്രീകളുടെ ഈമാൻ പുരുഷന്മാരുടെ ഔദാര്യമാണ്.

നിങ്ങളുടെ അയൽപക്കങ്ങളിൽ ആയിരക്കണക്കിന് സ്ത്രീകളുണ്ട്. പുരുഷന്മാർക്ക് സ്ത്രീകളെ തബ്ലീഗ് ചെയ്യാൻകഴിയില്ല. സ്ത്രീകൾക്ക് സ്ത്രീകൾ തന്നെ തബ്ലീഗ് ചെയ്യണം.

ഓരോ വർഷവും ഇരുനൂറ് നാനൂറ് പുരുഷ ൻമാരെ പുരുഷന്മാരും, ഇരുനൂറ് നാനൂറ് സ്ത്രീകളെ സ്ത്രീകളും തബ്ലീഗ് ചെയ്ത് അഹ്മദിയ്യത്തിൽ കൊണ്ടുവന്നാൽ ഈ ഇരുനൂറ് നാനൂറ് സ്ത്രീ പുരുഷന്മാർ മാത്രമല്ല, മറിച്ച് അവരുടെ സഹോദരീ സഹോദരന്മാരും, മക്കളും അഹ്മദിയ്യത്തിൽ ചേരും. അങ്ങിനെ ഈ തബ്ലീഗിന്റെ ഫലങ്ങൾ ഇരട്ടിയാവും.

**കുറച്ചു പൈസ ചന്ദ: കൊടുക്കുകയും ഏതാനും സുജൂദും റുകൂഉം ചെയ്യുകയും മാത്രമല്ല അഹ്മദിയ്യത്ത്**

നിങ്ങൾക്ക് എപ്പോഴെങ്കിലും, ഹൃദയത്തിൽ തബ്ലീഗിനുള്ള വേദനതോന്നിയിട്ടുണ്ടോ? അഹ്മദിയ്യത്തിൽ ഉൾപ്പെട്ട കാരണം നിങ്ങൾക്ക് മേലുള്ള ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് മനസിലാക്കാൻ നിങ്ങൾ എപ്പോഴെങ്കിലും ശ്രമിച്ചിട്ടുണ്ടോ?

ഏതാനും രൂപ ചന്ദ കൊടുക്കുകയോ, മുഖത്ത് അൽപം വെള്ളം തെളിച്ച് വുളുവെടുത്ത് രണ്ടോ നാലോ സുജൂദും റുകൂഉം ചെയ്യുകയോ അല്ല അഹ്മദിയ്യത്ത്. മറിച്ച് അല്ലാഹുവും അവന്റെ അടിയാറും തമ്മിൽ സുദൃഢമായ ബന്ധമാണ് അഹ്മദിയ്യത്ത്. അങ്ങിനെ ദാസൻ അല്ലാഹുവിന്റെ പ്രീതരിലും ഇഷ്ടതോഴരിലും ഉൾപ്പെടുമാറാകണം.

(പ്രഭാഷണം ലജ്നാഇമാഇല്ലാഹ് സമ്മേളനം ദൽഹി - 1-10-1946)

## നുബുവ്വത്തും 23 വർഷവും 500 രൂപ ഇനാം

ഹദ്റത് അഹ്മദ്(അ) പറയുന്നു:

നബിയോ റസൂലോ ദൈവ നിയോഗിതനോ ആണെന്ന വാദമുന്നയിക്കുകയും തുറന്ന രീതിയിൽ ദൈവത്തിന്റെ പേരിൽ ജനങ്ങൾക്ക് സന്ദേശങ്ങൾ കേൾപ്പിക്കുകയും അതേസമയം അയാൾ കറ്റുകെട്ടിപ്പറയുന്നവനുമാണെങ്കിൽ, നബി (സ)ന് തന്റെ വഹിയുടെ കാലഘട്ടമായ 23 വർഷം അത്തരം ആൾ ജീവിച്ചിരുന്നതായി ഞാനും വിശുദ്ധഖുർആനും സമർപ്പിക്കുന്ന തെളിവിന്റെ അടിസ്ഥാനത്തിൽ ഒരൊറ്റ ഉദാഹരണമെങ്കിലും കാണിച്ചുതന്നാൽ അത്തരം ആൾക്ക് ഞാൻ 500/- രൂപ റൊക്കമായി നൽകാൻ സന്നദ്ധനാണ്.

(അർബഈൻ)

## കുരിശേന്തിയ വ്യാഖ്യാനം

**നബി തിരുമേനി(സ)യെ കുറിച്ച് പാതിരി ഫെണ്ടർ എഴുതുന്നു:**

അക്വബയിലെ രണ്ടാമത്തെ കരാറിൽ ഇസ്ലാമിനെ ഉയർത്തുന്നതിനും ബഹുദൈവാരാധനയെ നശിപ്പിക്കുന്നതിനുമായി മുഹമ്മദിനെ സഹായിക്കുന്നതിനുവേണ്ടി വാളെടുക്കുവാൻ അവർ സന്നദ്ധരായിരുന്നു. ആദ്യം മുഹമ്മദ് പറഞ്ഞത്, ഇസ്ലാം മത പ്രചാരണത്തിനായി വാളെടുക്കുവാൻ തനിക്ക് അല്ലാഹുവിൽനിന്നും നിയോഗം ലഭിച്ചിട്ടില്ല എന്നാണ്.... എന്നാൽ പിന്നീ ട് അധികം താമസിയാതെ തന്നെ, മതപ്രചാരണത്തിന്നായി വാളെടുത്തുകൊള്ളുവാൻ അല്ലാഹു തന്നെ അധികാരപ്പെടുത്തിയതായി മുഹമ്മദ് പ്രഖ്യാപിച്ചു.. മാത്രമല്ല ആ നിലയിൽ വിശ്വസ്തതയോടെ പ്രവർത്തിക്കുന്നവർക്ക് അവൻ പറുദീസയും വാഗ്ദാനം ചെയ്തു...

മനുഷ്യനെ ദൈവത്തിങ്കലേക്ക് തിരിക്കുവാനായി ഏതൊരു യഥാർഥപ്രവാചകനും ചെയ്യുന്നതുപോ ലെ സമാധാനമാർഗങ്ങളിലൂടെ മാത്രം തന്റെ മതം പ്രചരിപ്പിക്കുവാൻ പതിമൂന്ന് കൊല്ലം മുഹമ്മദ് പരിശ്രമിച്ചു. ഒരു പക്ഷേ അബൂബക്കർ ചിന്തിച്ചതുപോലെ താൻ പരാജയപ്പെട്ടതായി അവനും കരുതിയിരിക്കണം. തന്റെ അനുയായികളോടൊപ്പം ജന്മ ദേശത്തുനിന്ന് മുഹമ്മദ് തുരത്തപ്പെടുകയും ഖുറൈഷികളോട് ശത്രുതയുള്ള ഗോത്രങ്ങളുടെയിടയിൽ പരദേശികളായി താമസിക്കേണ്ടിവരുകയും ചെയ്തു....

വിശ്വാസത്തിനുവേണ്ടി ദൈവം അനുവദിച്ചിട്ടുണ്ടെന്ന് അവൻ പഠിപ്പിച്ചിട്ടുണ്ടായിരുന്നതിനാൽ, മറ്റു വിധത്തിൽ അൻസാരികളെ തൃപ്തിപ്പെടുത്തുവാനും മാർഗം ഉണ്ടായിരുന്നില്ല. തന്മൂലം അവൻ വാളേന്തിയ പ്രവാചകൻ ആയിത്തീർന്നു. അതിന് ശേഷം ഇസ്ലാമിന്റെ ഏകവും ശക്തവുമായ തെളിവ് അതേ ആയുധവുമായിരുന്നു... ഇതിനു ശേഷമുള്ള മുഹമ്മദിന്റേയും അവന്റെ അനുചരന്മാരുടേയും പെരുമാറ്റങ്ങൾ നാം വിലയിരുത്തിയാൽ അക്വബയിൽ വെച്ചുണ്ടാക്കിയതും സ്വീകരിക്കപ്പെട്ടതുമായ സന്മാർഗ പ്രമാണങ്ങൾ മേലാൽ അവർക്ക് ബാധകമല്ലെന്ന് അവർ തീരുമാനിച്ചതായി തോന്നും. ദൈവം അവരിൽ നിന്നും പ്രതീക്ഷിക്കുന്നത് വാളും, കുന്തവും, അമ്പും, വില്ലും, കഠാരയും, കത്തിയും ഉപയോഗിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുക മാത്രമാണെന്ന് തോന്നുന്നു...... യുദ്ധവും കൊള്ളയും മുഹമ്മദ് അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഉടനെഅറബികൾ അവന്റെ കുടക്കീഴിൽ അണി നിരന്നു. (മീസാനുൽഹഖ് (മലയാളം), ഭാഗം മൂന്ന്

പ്രസാധനം : മർകസുൽ ബിശാറ, മഞ്ചേരി)

**മൗലാനാ മൗദൂദി എഴുതുന്നു:**

അല്ലാഹുവിന്റെ പ്രവാചകൻ അറബികളെ 13 വർഷം ഇസ്ലാം സ്വീകരിക്കാൻ ക്ഷണിച്ചുകൊണ്ടിരുന്നു. പറഞ്ഞ് വിശ്വസിപ്പിക്കാൻ സാധ്യമായ എല്ലാ മാർഗങ്ങളും ഉപയുക്തമാക്കുകയും അവർക്ക് നിഷേധിക്കാൻ സാധ്യമല്ലാത്ത തെളിവുകളും പ്രമാണങ്ങളും കൊടുക്കുകയും അത്ഭുതങ്ങളും ശുദ്ധതയുടെ മാതൃകായോഗ്യതയുടേയും മകുടോദാഹരണമായ തന്റെ മുൻകാല ജീവിതവും അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു. ചുരുക്കത്തിൽ ആശയവിനിമയത്തിന് സാധ്യമായതെല്ലാം ചെയ്തു. പക്ഷേ, അദ്ദേഹത്തിന്റെ ജനം ഇസ്ലാം സ്വീകരിച്ചില്ല. പറഞ്ഞ് ബോധ്യപ്പെടുത്താൻ സാധ്യമായ എല്ലാ മാർഗങ്ങളും പരാജയപ്പെട്ടപ്പോൾ പ്രവാചകൻ വാൾ കൈയ്യിലേന്തി. ആ വാൾ പൈശാചിക ഉപദ്രവത്തേയും, സാത്താനിക അശുദ്ധിയേയും, ഹൃദയമാലിന്യത്തേയും ഇല്ലാതാക്കി. എല്ലാത്തിനും പുറമേ ആ വാൾ അവരുടെ അന്ധത മാറ്റുകയും ചെയ്തു. അവർക്ക് സത്യത്തിന്റെ തേജസ് കാണാൻ കഴിയുകയും അവരുടെ ധിക്കാരം ആറിത്തണുക്കുകയും ചെയ്തു. ആ ധിക്കാരം സത്യം സ്വീകരിക്കാൻ അവർക്ക് തടസമായിരുന്നു. അവരുടെ വളയാത്ത കഴുത്തും കുനിയാത്ത ശിരസും എളിമയോടെ താഴുകയുണ്ടായി. അറേബ്യയിലും മറ്റ് രാജ്യങ്ങളിലും ഇസ്ലാം വ്യാപിച്ചത് വളരെ പെട്ടെന്നായിരുന്നു. ഒരു നൂറ്റാണ്ട് കാലം കൊണ്ട് ലോകത്തിന്റെ നാലിലൊന്ന് അതിനെ സ്വീകരിച്ചു. ഇസ്ലാമിന്റെ വാൾ മനുഷ്യഹൃദയങ്ങളെ മൂടിക്കിടന്ന ആവരണത്തെ കീറിക്കളഞ്ഞതായിരുന്നു ഈ മാറ്റത്തിന് നിദാനം. (അൽ ജിഹാദുഫിൽ ഇസ്ലാം)

**എന്നാൽ ഹദ്റത് അഹ്മദ്(അ) പറയുന്നു:**


നമ്മുടെ നബി (സ) ഒരിക്കലും ആർക്കുമേലും വാളുയർത്തിയിട്ടില്ല. എന്നാൽ ആദ്യം വാളെടുക്കുകയും വളരെ ദാരുണമായ രീതിയിൽ നിർദോഷികളും സാത്വികരുമായ പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും കൊന്നൊടുക്കുകയും ചെയ്തവർക്കെതിരിലാണ് നബി (സ) വാളെടുത്തത്. അക്രമികൾ മർദ്ദനത്തിന് ഉപയുക്തമാക്കിയ മാർഗങ്ങൾ വായിക്കുമ്പോൾ ഇപ്പോഴും ഈറനണിയുന്നു. (ഗവ. അംഗ്രേസി ഔർ ജിഹാദ്)

നബി(സ) സ്വയമായി ആദ്യം വാളെടുത്തിട്ടില്ല. പ്രതിരോധമെന്ന നിലക്ക് മാത്രമേ അങ്ങനെ ചെയ്തിട്ടുള്ളു. യഥാർഥത്തിൽ അപ്പോഴും അവരാണ് ആദ്യം നബി(സ)ന് മേൽ വാൾ ചുഴറ്റിയത്.(അൽഹക്കം 10.8.01)

നബി(സ) ഇസ്ലാം മതം ബലാൽക്കാരമായി പ്രചരിപ്പിച്ചിട്ടില്ല. വാളുയർത്തിയത് ഭീഷണിപ്പെടുത്തി മുസ്ലിംകളാക്കാനുമായിരുന്നില്ല (ഹഖീഖത്തുൽ വഹ്യ് പേജ്: 100)

അടുത്ത ലക്കത്തിൽ

നാസിഖ് മൻസൂഖ്



# കുട്ടികളുടെ ആരോഗ്യവും ആത്മീയ രോഗവിമുക്തിയും

ആരോഗ്യം

- ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) -


കുട്ടികളിൽ തിന്മക്കുള്ള അഭിവാജ്ഞ ആദ്യം വൃത്തികേടിൽ നിന്നാണ് ഉടലെടുക്കുന്നത്. ഇത് വൈദ്യശാസ്ത്രപരമായും അംഗീകരിക്കപ്പെട്ട വസ്തുതയാണ്...... കുട്ടിയുടെ ഗുഹ്യഭാഗം വൃത്തിയില്ലെങ്കിൽ, കുട്ടി അവിടെ ചൊറിയാൻ തുടങ്ങുന്നു. അതിൽ രസം അനുഭവപ്പെടുമ്പോൾ കുട്ടികളിൽ ലൈംഗിക തൃഷ്ണ ഉണ്ടാവുന്നു. കുട്ടിയെ വൃത്തിയാക്കി വെച്ചാൽ, വലുതാകും തോറും ഇത്തരം സ്ഥലങ്ങൾ കഴുകി വൃത്തിയാക്കണമെന്ന് പഠിപ്പിച്ചാൽ ലൈംഗിക തിന്മകളിൽ നിന്ന് ഒരു പരിധിവരെ രക്ഷപ്പെടുന്നതാണ്. ഈ തർബിയ്യത്തും ചെറുപ്പകാലങ്ങളിൽ തന്നെ ആരംഭിക്കേണ്ടതാണ്.



കുട്ടിക്ക് ഭക്ഷണം കൃത്യസമയത്ത് തന്നെ നൽകണം. അങ്ങിനെയായാൽ കുട്ടിക്ക് ആഗ്രഹങ്ങളെ ഒതുക്കാനുള്ള കഴിവുണ്ടാവുന്നതാണ്. ഇങ്ങനെ ഒരുപാട് തിന്മകളിൽ നിന്ന് മോചനം ലഭിക്കും. മോഷണം, കൊള്ള, തുടങ്ങിയ തിന്മകൾ ആഗ്രഹങ്ങളെ ഒതുക്കാൻ കഴിയാത്തതുകൊണ്ടാണ് ഉടലെടുക്കുന്നത്. അത്തരം ആളുകൾക്ക് വികാരങ്ങളെ നിയന്ത്രിക്കാൻ സാധ്യമല്ല. എപ്പോൾ കുട്ടി കരഞ്ഞാലും പാല് കൊടുക്കുന്ന മാതാക്കളുണ്ട്. അങ്ങനെ ചെയ്യാൻ പാടില്ല, മറിച്ച് നിശ്ചിത സമയത്ത് പാല് കൊടുക്കുക, മുതിർന്ന കുട്ടികൾക്ക് നിശ്ചിതസമയത്ത് ഭക്ഷണം നൽകുന്ന സ്വഭാവം ഉണ്ടാക്കുക. അങ്ങിനെയായാൽ താഴെ പറയുന്ന സ്വഭാവങ്ങൾ ഉണ്ടാവുന്നതാണ്.



1. സമയനിഷ്ട 2. ആഗ്രഹങ്ങളെ നിയന്ത്രിക്കൽ 3. ആരോഗ്യം 4. ഒന്നിച്ച് ജോലിചെയ്യാനുള്ള സ്വഭാവം. എല്ലാവരും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുകയാണെങ്കിൽ അത്തരം കുട്ടികളിൽ സ്വാർഥതയും അഹങ്കാരവും ഉണ്ടാകുന്നതല്ല. 5. അമിതവ്യയം ഉണ്ടാകുന്നില്ല. നിശ്ചിത അളവിൽ നിശ്ചിത സമയത്ത് ഭക്ഷണം നൽകിയാൽ ഭക്ഷണം നഷ്ടപ്പെടുത്തുന്നതല്ല. കുറച്ച് സാധനങ്ങൾ ഉപയോഗിക്കാനും അതിൽ ആഗ്രഹം പൂർത്തിയാക്കാനും ഉള്ള സ്വഭാവം ഉണ്ടാവുന്നതാണ്. 6. അത്യാഗ്രഹത്തെ എതിരിടാൻ കഴിയുന്നതാണ്. മാർക്കറ്റിൽ പോകുമ്പോൾ ഇന്ന സാധനം വേണമെന്ന് കുട്ടി പറയുമ്പോൾ ഉടൻ അത് വാങ്ങിക്കൊടുക്കരുത്. .......



പലതരം ഭക്ഷണം നൽകുക. മാംസം, പച്ചക്കറികൾ, പഴങ്ങൾ എന്നിവ കൊടുക്കുക. ഭക്ഷണങ്ങളിൽ നിന്ന് വ്യത്യസ്ത സ്വഭാവങ്ങൾ ഉടലെടുക്കുന്നുണ്ട്. ........ കുട്ടിക്കാലത്ത് മാംസം കുറക്കുക, പച്ചക്കറികൾ കൂടുതൽ കൊടുക്കണം. കാരണം മാംസം മുഖേന ക്ഷോഭം ഉണ്ടാകുന്നു. കുട്ടിക്കാലത്ത് ക്ഷോഭം കുറവായിരിക്കണം.

കുട്ടികളെ അമിതമായി ലാളിക്കരുത്. കൂടുതൽ ഉമ്മ വെക്കുകയും മറ്റും ചെയ്താൽ ഒരുപാട് ദുഃസ്വഭാവങ്ങൾ കുട്ടിയിൽ ഉണ്ടാകുന്നതാണ്. ഏത് സദസിൽ പോയാലും താൻ ലാളിക്കപ്പെടണമെന്ന് അവർ ആഗ്രഹിക്കും. അത് സ്വഭാവദൂഷ്യങ്ങൾക്ക് കാരണമാവുന്നതാണ്.



കുട്ടി രോഗിയായാൽ ഏറെ ശ്രദ്ധിക്കണം. കാരണം അധൈര്യം, സ്വാർഥത, ഭീരുത്വം, അസ്വസ്ഥത, വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാതാവുക ഇതൊക്കെ തുടർച്ചയായ രോഗങ്ങൾ കൊണ്ട് ഉണ്ടാവുന്നതാണ്.

കുട്ടികൾക്ക് ഭയമുളവാകുന്ന കഥകൾ കേൾപ്പിക്കരുത്. കുട്ടികളിൽ വാശി ഉണ്ടാക്കരുത്. ഏതെങ്കിലും കാര്യത്തിൽ വാശി പിടിച്ചാൽ അതിനുള്ള പരിഹാരം, അവനെ മറ്റേതെങ്കിലും ജോലി ഏൽപ്പിക്കുകയാണ്.

ഒറ്റക്കിരുന്ന് കളിക്കാൻ അനുവദിക്കരുത്. നഗ്നനായിരിക്കുന്നത് ഒഴിവാക്കണം. വ്യായാമം ചെയ്യേണ്ടത് ഉർജ്ജ്വസ്വലതക്ക് അത്യാവശ്യമാണ്. ഇത് ഭൗതിക പുരോഗതിക്കും, മാനസിക പരിഷ്കരണത്തിനും പ്രയോജനപ്രദവുമാണ്



(മിൻഹാജുത്ത്വാലിബീൻ എന്ന പ്രഭാഷണത്തിൽ നിന്ന് - :എ.എൻ)






# ഹിറ്റ്ലറും അഹ്മദിയ്യാ ജമാഅത്തും

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:


ജർമനിയിലെ സ്വേച്ഛാധിപതിയായിരുന്ന ഹിറ്റ്ലർ അധികാരത്തിൽ വരുന്നതിന് വർഷങ്ങൾക്ക് മുമ്പ് മെയിൻ കാംഫ് എന്ന പേരിൽ ഒരു പുസ്തകമെഴുതിയിരുന്നു. ഇത് ഏറെ കൗതുകകരവും രസാവഹവുമായ പുസ്തകമാണ്. വർഷങ്ങളായി ഞാൻ അത് അന്വേഷിച്ചെങ്കിലും ലഭിച്ചില്ല. കഴിഞ്ഞ 2,3, വർഷങ്ങളായി ഈ പുസ്തകം ഇന്ത്യയിൽ വന്നെങ്കിലും എനിക്ക് കിട്ടിയിരുന്നില്ല. ഇപ്പോൾ ലാഹോറിൽ പോയപ്പോഴാണ് എനിക്ക് കിട്ടിയത്. ഞാനത് വായിച്ചു. എനിക്ക് ഈ പുസ്തകത്തിലെ ഒരു വാചകം, അത് അദ്ദേഹം ബോധപൂർവ്വം എഴുതിയതാകാൻ തരമില്ലെങ്കിലും ഏറെ ആകർഷണീയമായി അനുഭവപ്പെട്ടു. അതിൽ അഹ്മദിയ്യത്തിന്റെ ശക്തിയെ ഏറ്റു പറയുകയാണ്.

ഈ പുസ്തകത്തിൽ ഹിറ്റ്ലർ ക്രിസ്ത്യാനികളെക്കുറിച്ച് എഴുതുന്നത്................ഏഷ്യയിലും ആഫ്രിക്കയിലും അവർ തങ്ങളുടെ മതപ്രചാരണം നടത്താൻ ഏറെ അധ്വാനിക്കുന്നുണ്ടെങ്കിലും അവരുടെ പരിശ്രമം പരാജയപ്പെടുകയാണ്. കാരണം അവിടെ മുസ്‌ലിം മിഷണറിമാർ ജനങ്ങളെ ഇസ്‌ലാമിലേക്ക് തിരികെ കൊണ്ടുവരുന്നു. ക്രിസ്ത്യൻ മിഷണറിമാരേക്കാൾ വിജയിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിന്റെ യഥാർഥ സേവനം ചെയ്യുന്ന മിഷണറിമാർ, ക്രിസ്ത്യാനികളെ നേരിടുകയും, ജനങ്ങളെ ഇസ്‌ലാമിലേക്ക് തിരിച്ച് കൊണ്ടുവരുകയും ചെയ്യുന്നത് അഹ്മദികളല്ലാതെ മറ്റാരാണ്!

ഈ വാചകത്തിൽ അഹ്മദിയ്യാ ജമാഅത്ത് അദ്ദേഹത്തിന്റെ മനസിൽ ഇല്ലായിരിക്കാം, എന്നിട്ടും അഹ്മദിയ്യാ ജമാഅത്തിന്റെ ശക്തിയെ അംഗീകരിക്കുകയാണ്. അദ്ദേഹം എഴുതുന്നത്, ഏഷ്യയിലും, ആഫ്രിക്കയിലും ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുകയും ജനങ്ങളെ വീണ്ടും ഇസ്‌ലാമിലേക്ക് തിരികെ കൊണ്ടുവരുകയും ചെയ്യുന്നു. അവരുടെ അത്യധ്വാനത്തിന് മുന്നിൽ ക്രിസ്ത്യൻ മിഷണറിമാർ പരാജയപ്പെടുകയാണ് ...എന്നാണ്.

(മശ്അലെരാഹ്, പേജ് : 82, 83/1)



# സൂര്യചന്ദ്രഗ്രഹണം



## ഹദ്റത് അഹ്മദ്(അ)ന്റെ വെല്ലുവിളി

''സൂര്യസമാനം ഉജ്ജ്വല ശോഭയോടെ ഹദീസിലെ ഒരു സത്യം പുലർന്നിട്ടും അല്ലാഹുവിന്റെ തിരുദൂതരുടെ ഒരു ഹദീസ് പാടെ നിഷേധിക്കുവാൻ നിങ്ങൾക്ക് ഭയമില്ലേ?

എനിക്ക് മുമ്പോ എന്റെ കാലത്തോ നിങ്ങൾക്ക് ഇതുപോലുള്ള ഒരു അടയാളം പ്രകടമാക്കുവാൻ സാധ്യമാണോ? താൻ അല്ലാഹുവിൽ നിന്ന് നിയുക്തനായ ഒരു ആത്മീയ പരിഷ്കർത്താവാണെന്ന് വാദിക്കുകയും അദ്ദേഹത്തിന്റെ കാലത്ത് ഒരു റമദാനിൽ നിങ്ങൾ ദൃക്സാക്ഷിത്വം വഹിച്ചതുപോലെ സൂര്യചന്ദ്രഗ്രഹണം സംഭവിക്കുകയും ചെയ്യുമെന്നതിനെപ്പറ്റി ഏതെങ്കിലും ഗ്രന്ഥത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ടോ?

നിങ്ങൾ ശ്രദ്ധിക്കുന്നവരാണെങ്കിൽ, ഈ അടയാളം നിങ്ങൾക്ക് കാണിച്ചുതരാൻ കഴിയുമെങ്കിൽ ആയിരം രൂപ നിങ്ങൾക്കായി സമ്മാനിക്കപ്പെടുന്നതാണ്. ആയതിനാൽ, നിങ്ങൾ തെളിയിക്കുക. ഈ സമ്മാനം കൊണ്ടുപോവുക. ഞാൻ അല്ലാഹുവിനെ സാക്ഷിനിർത്തുന്നു; നിങ്ങളും സാക്ഷികളാവുക! അല്ലാഹുവാണ് എല്ലാ സാക്ഷികളേക്കാളും ഉത്തമൻ. നിങ്ങൾക്കിത് തെളിയിക്കാൻ സാധ്യമല്ലെങ്കിൽ, അല്ല നിങ്ങൾക്കത് സാധ്യമേ അല്ല. കുഴപ്പക്കാർക്ക് വേണ്ടി ഒരുക്കിവെച്ച, കത്തിജ്ജ്വലിക്കുന്ന അഗ്നിയെ കുറിച്ച് ഭയപ്പെടുക.'' (നൂറുൽ ഹഖ് )

## നിസാമിനോടുള്ള പ്രതിബദ്ധത ഓരോരുത്തർക്കും നിർബന്ധമാണ്: മൗലാനാ മുഹമ്മദ് ഇനാംഗോറി



കോയമ്പത്തൂർ: ജമാഅത്തീ നിസാമിനോടുള്ള പ്രതിബദ്ധതയും കൂറും ഓരോ അഹ്മദിക്കും നിർബന്ധമാണെന്നും അതാണ് ഖിലാഫത്ത് വ്യവസ്ഥിതിയുമായി ഇഴുകിചേരാനുള്ള മാർഗമെന്നും നാസിർ അഅ്ലാ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി പ്രസ്താവിച്ചു.

ഇവിടെ ഫെബ്രുവരി 26ന് ചേർന്ന തമിഴ്നാട് ഉത്തരമേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉത്തരമേഖലാ അമീർ എം. ബിശാറത്ത് അഹ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു. കോയമ്പത്തൂർ എം. എൽ.എ പഴണിമാണിക്യം, കോയമ്പത്തൂർ എ.പി. പി, ദക്ഷിണ മേഖലാ അമീർ എം.പി. വൈ അബ്ദുൽ ഖാദർ സാഹിബ്, മുബല്ലിഗ്മാരായ മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ്, മൗ.ഒ.എം. മുസമ്മിൽ അഹ്മദ് സാഹിബ്, മൗ. എം. റഫീഖ് അഹ്മദ് സാഹിബ്, കോയമ്പത്തൂർ ഖാഇദ് ഫിറോസ് സാഹിബ് എന്നിവർ പ്രസംഗിച്ചു. കേരളത്തിൽ നിന്ന് അറുപതിലധികം പേർ സമ്മേളനത്തിൽ സംബന്ധിച്ചു.

## സമൂഹ നന്മക്ക് ആരോഗ്യമുള്ള ഖാദിംകളെയാണ് ആവശ്യം: കെ. ഉണ്ണിൻ

കരുളായി: സമൂഹനന്മക്കും അഭിവൃദ്ധിക്കും ആരോഗ്യമുള്ള ഖാദിംകൾ അനിവാര്യമാണെന്നും ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസിന്റെ പ്രതിഫലനമാണെന്നും മധ്യമേഖലാ



കരുളായി ജമാഅത്ത് പ്രസിഡന്റ് ടി.കെ. മുശ്താഖ് അഹ്മദ് സാഹിബ് കായികതാരങ്ങളെ പരിചയപ്പെടുന്നു.

നാഇബ് ഖാഇദ് കെ. ഉണ്ണിൻ സാഹിബ് അഭിപ്രായപ്പെട്ടു. ഇവിടെ ഫദ്ലെ ഉമർ പബ്ലിക് സ്കൂൾ അങ്കണത്തിൽ സംഘടിപ്പിച്ച മലപ്പുറം മേഖലാ സ്പോർട്സ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മലപ്പുറം മേഖലാ ഖാഇദ് പി.പി. മുസദ്ദിഖ് അഹ്മദ് സാഹിബ് അധ്യക്ഷനായിരുന്നു. മേഖലാ അൻസാറുല്ലാഹ് നാസിം സി. എച്ച്. സിദ്ദീഖ് സാഹിബ്, ടി.കെ. മഹ്മൂദ് സാഹിബ്, ഖുദ്ദാം മധ്യമേഖലാ നാസിം സ്വിഹത്തെ ജിസ്മാനി ഇൽയാസ് അഹ്മദ്



സാഹിബ്, മലപ്പുറം ഇൻ ചാർജ് മുബല്ലിഗ് മൗ.പി. അബ്ദുന്നാസിർ സാഹിബ്, മൗലവി. ടി.എ. അബ്ദുൽ മജീദ് സാഹിബ് (മഞ്ചേരി), കരുളായി നാഇബ് സദ്ർ ഒ.കെ. സുലൈമാൻ സാഹിബ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

ഫുട്ബോൾ, വോളിബോൾ, ബാറ്റ്മിന്റൺ, കബഡി, വടംവലി, അറ്റ്ലറ്റിക് ഇനങ്ങൾ എന്നിവ ഏറെ ആവേശകരമായിരുന്നു. വിജയികൾക്ക് മധ്യമേഖലാ ഖാഇദും, കരുളായി പ്രസിഡന്റുമായ ടി.കെ. മുശ്താഖ് അഹ്മദ് സാഹിബ് ട്രോഫികളും മെഡലുകളും വിതരണം ചെയ്തു. സ്പോർട്സ് മീറ്റിന്റെ സമാപനത്തിൽ കരുളായി പത്തപ്പിരിയം മജ്ലിസുകളുടെ ഫുട്ബോൾ മാച്ചും ഉണ്ടായിരുന്നു.

## മുസ്ലിം ലോകവും സമാധാനവും മഞ്ചേരിയിൽ സെമിനാർ

മഞ്ചേരി: മഞ്ചേരി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ അർബൻ ബാങ്ക് ഓഡിറ്റോറിയത്തിൽ ഫെബ്രുവരി 28ന്, മുസ്ലിം ലോകവും സമാധാനവും എന്ന പേരിൽ സംഘടിപ്പിച്ച സെമിനാർ പ്രൊഫ. എം.എൻ. കാരശേരി ഉദ്ഘാടനം ചെയ്തു. മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് അധ്യക്ഷനായിരുന്നു. കോഴിക്കോട് മേഖലാ അമീർ അഹ്മദ് കോയ സാഹിബ്, കോഴിക്കോട് സർവകലാശാല ഹിന്ദി വിഭാഗം മേധാവി പ്രൊഫ. ആർ സു, അഹ്മദിയ്യാ പബ്ലിക്കേഷൻ സംസ്ഥാന സെക്രട്ടറി പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സാഹിബ്, സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലീം സാഹിബ്, ദഅ്വത്തെ ഇലല്ലാഹ് മുബല്ലിഹ് മൗലവി. കെ. മഹ്മൂദ് അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. മഞ്ചേരി പ്രസിഡന്റ് പി. പി. ഹസൻ കോയ സാഹിബ് സ്വാഗതം പറഞ്ഞു. ഹാഫിസ് അബുൽ വഫാ സാഹിബ് വിശുദ്ധഖുർആൻ പാരായണം നിർവഹിച്ചു. കോഴിക്കോട്, പാലക്കാട്, മലപ്പുറം മേഖലകളിലെ അംഗങ്ങളും അനുഭാവികളും സംബന്ധിച്ചു.

## ചന്ദ ബജറ്റ്

ഖാദിയാൻ:സദ്ർ അഞ്ജുമൻ അഹ്മദിയ്യായുടെ 2010-11 സാമ്പത്തിക വർഷം 2011 മാർച്ച് 31 ന് അവസാനിക്കുകയാണ്. ചില ജമാഅത്തുകളുടെ കഴിഞ്ഞ വർഷത്തേയും നടപ്പു വർഷത്തേയും ചന്ദ (ഹിസ്സ ആമദ്, ചന്ദ ആം, ജൽസ സാലാന)ബഡ്ജറ്റനുസരിച്ച് കുടിശ്ശികയുണ്ട്. അത് വസൂൽ ചെയ്യാൻ അത്തരം ജമാഅത്തുകളുടെ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2011 – 12 പുതുവർഷത്തെ നിർബന്ധചന്ദയുടെ ബജറ്റ് തയ്യാറാക്കുന്നതിനുവേണ്ടി വ്യക്തികൾക്കുള്ള തശ്ഖീസ് ഫോറവും ബഡ്ജറ്റ് ഫോറവും അയച്ചിട്ടുണ്ട്. സയ്യിദുനാ ഹുസൂർ അൻവറിന്റെ അനുഗൃഹീതമായ നിർദ്ദേശമനുസരിച്ച് തങ്ങളുടെ യഥാർഥ വരുമാനത്തിന്റെ തോതനുസരിച്ചുള്ള ബഡ്ജറ്റ് എഴുതുക. ഹുസൂറിന്റെ ആഗ്രഹം ഇപ്പോൾ നാം നമ്മുടെ സ്വന്തം കാലിൽ നില്ക്കേണ്ട ആവശ്യമുണ്ടെന്നാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മിക്ക ജമാഅത്തംഗങ്ങളും അങ്ങേയറ്റം ആത്മാർഥതയോടുകൂടി ധനത്യാഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ, ജമാഅത്തിലെ ചിലർ യഥാർഥവരുമാനം അനുസരിച്ച് ചന്ദ കൊടുക്കുന്നില്ല. അത്തരം വ്യക്തികളെക്കൊണ്ട് തോതനുസരിച്ച് ചന്ദകൊടുപ്പിക്കുന്നതിന് മജ്ലിസെ ആമിലായിൽ കൂടിയാലോചിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടേയും അനുഗൃഹീത നിർദ്ദേശമനുസരിച്ച് ശറഹ് അനുസരിച്ച് ബഡ്ജറ്റ് എഴുതാൻ അവരെ പ്രേരിപ്പിക്കുക.

ജമാഅത്തിലെ വരുമാനമുള്ള എല്ലാ അംഗങ്ങളേയും ബഡ്ജറ്റിൽ ഉൾപ്പെടുത്തുക. ധനത്യാഗത്തിന്റെ പ്രാധാന്യവും അതിന്റെ അനുഗ്രഹങ്ങളും അറിയുന്നതിനുവേണ്ടി ഹുസൂറിന്റെ നിർദ്ദേശമനുസരിച്ച് സ്ത്രീകളേയും വിദ്യാസമ്പന്നരായ കുട്ടികളേയും കഴിവനുസരിച്ച് നിർബന്ധ ചന്ദയുടെ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

2011 ജനുവരി 7 ന് ഹുസൂർ അൻവർ ചെയ്ത ഖുത്ബയിൽ ധനത്യാഗം ചെയ്യുന്നതിന്റെ ഫലമായി അല്ലാഹുവിൽ നിന്നിറങ്ങുന്ന അനുഗ്രഹങ്ങളുടേയും പാരിതോഷികങ്ങളുടേയും സംഭവങ്ങൾ വിവരിക്കുകയുണ്ടായി. അത് എപ്പോഴും മുൻനിറുത്തിക്കൊണ്ട് ശറഹ് അനുസരിച്ച് നിർബന്ധ ചന്ദകൾ നാം എഴുതേണ്ടതാണ്. 31 മാർച്ച് 2011 നു മുമ്പേ ജമാഅത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കി അയക്കേണ്ടതാണെന്നും നാസിർ ബയ്തുൽ മാൽ ആമദ് മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യിർ അറിയിച്ചു.



## കാന്തപുരത്ത് തബ്ലീഗ് യോഗം

കാന്തപുരം: കോഴിക്കോട് മേഖലയുടെ ആഭിമുഖ്യത്തിൽ കാന്തപുരത്ത് സംഘടിപ്പിച്ച തബ്ലീഗ് യോഗത്തിൽ സർക്കിൾ ഇൻചാർജ് മൗലവി മുഹമ്മദ് സലിം സാഹിബ് അധ്യക്ഷ്യം വഹിച്ചു.

മൗ. എച്ച്. ശംസുദ്ധീൻ സാഹിബ് പ്രസംഗിച്ചു. യൂ. കെ. യൂസുഫ് സാഹിബ് ഖുർആനും ടി. അഹ്മദ് സഊദ് സാഹിബ് ഖസീദയും പാരായണം ചെയ്തു.

## മൈസൂരിലേക്ക് ഉല്ലാസയാത്ര

മൈസൂർ: ഫെബ്രുവരി രണ്ടാംവാരം പത്തപ്പിരിയം മജ്‌ലിസിന്റെ ആഭിമുഖ്യത്തിൽ മൈസൂരിലേക്ക് ഉല്ലാസ യാത്ര സംഘടിപ്പിച്ചു. ഖാഇദ് പി.പി. മുസദ്ദിഖ് അഹ്മദ് സാഹിബിന്റെയും നാസിം സിഹത്തെ ജിസ്മാനി കെ.പി. അസീസ് അഹ്മദലി സാഹിബിന്റെയും നേതൃത്വത്തിൽ 10 ഖാദിംകളും 2 അത്ഫാലും പങ്കെടുത്തു.



മൈസൂരിലെ ചരിത്ര പ്രസിദ്ധമായ മസ്ജിദ്, വാട്ടർ ജയിൽ, ത്രിവേണി സംഗമം, ശ്രീരാഗപട്ടണം, ടിപ്പുസുൽത്വാൻ മ്യൂസിയം, വൃന്ദാവൻ ഗാർഡൻ, ചാമുണ്ടിമല, മൃഗശാല, മൈസൂർ പാലസ് എന്നിവ സന്ദർശിച്ചു. രാത്രി ഖുദ്ദാം ദീനീ പരീക്ഷ നടത്തി.

## മർക്കരയിൽ മറുപടി പ്രസംഗം

മർക്കര: മർക്കരയിൽ മുജാഹിദ് പ്രവർത്തകർ, ഹദ്റത് അഹ്മദ്(അ)നേയും ജമാഅത്തിനേയും കുറിച്ച് നടത്തിയ ആക്ഷേപങ്ങൾക്ക് തൊട്ടടുത്ത ദിവസം സംഘടിപ്പിച്ച പൊതുയോഗത്തിൽ മറുപടി നൽകുകയുണ്ടായി.

പ്രസിഡന്റ് ബശീർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദഅ്‌വത്തെ ഇലല്ലാഹ് മുബല്ലിഗ്മാരായ മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ദഅ്‌വത്തെ ഇലല്ലാഹ് തമീം അബ്ബാസ് സാഹിബ് സ്വാഗതം പറഞ്ഞു. മുഅല്ലിം ടി. ഇർശാദ് അഹ്മദ് സാഹിബ് തിലാവത്തുൽ ഖുർആൻ നിർവഹിച്ചു.


## കോഴിക്കോട് മേഖലാ സീറത്തുനബി യോഗം

കോഴിക്കോട്: കോഴിക്കോട് മേഖലയുടെ ആഭിമുഖ്യത്തിൽ ബയ്ത്തുൽ ഖുദ്ദൂസ് അങ്കണത്തിൽ ചേർന്ന സീറത്തുനബി യോഗത്തിൽ മേഖലാ അമീർ അഹ്മദ് കോയ സാഹി ബ് അധ്യക്ഷതവഹിച്ചു.

സത്യദൂതൻ പത്രാധിപർ എ.എം.മുഹമ്മദ് സലീം സാഹിബ്, സർക്കിൾ ഇൻചാർജ് മൗ. പി.എ. മുഹമ്മദ് സലീം സാഹിബ്, വി.പി. ബശീർ അഹ്മദ് സാഹിബ്, മൗ. സുൽത്വാൻ നസീർ സാഹിബ് (മുബല്ലിഗ് വടകര) എന്നിവർ പ്രസംഗിച്ചു.

### സീറത്തുനബി യോഗം

കാവശേരി: പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ചേർന്ന സീറത്തുനബി യോഗത്തിൽ മൗലവി. മുഹമ്മദ് ഇസ്മാഈൽ സാഹിബ് പ്രസംഗിച്ചു. പ്രസിഡന്റ് എച്ച്. സുലൈമാൻ സാഹിബ് അധ്യക്ഷ്യം വഹിച്ചു.




ഗോദാവരി മേഖലാ ഇജ്തിമാ

# അൻസാറുല്ലാഹ് ഇജ്തിമാഅ് വിജയകരമായി സമാപിച്ചു

കരുനാഗപ്പള്ളി:മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമാഅ് ജനുവരി 15, 16 തിയ്യതികളിൽ കരുനാഗപ്പള്ളിയിൽ വിജയകരമായി സംഘടിപ്പിച്ചു. രാവിലെ 10 മണിക്ക് ആരംഭിച്ച ഉദ്ഘാടനസമ്മേളനത്തിൽ കബീർ സാ ഹിബ് തിലാവത്ത് നടത്തി.

അബ്ദുല്ല സാഹിബ് മേഖലാ നാസിം തിരുവനന്തപുരം സ്വാഗതവും, അഡ്വ. ജമീൽ അഹ്മദ് സാഹിബ് (പ്രോഗ്രാം കമ്മിറ്റി കൺവീനർ) റിപ്പോർട്ടും അവതരിപ്പിച്ചു. ബശീർ അഹ്മദ് സാഹിബിന്റെ പദ്യത്തിനുശേഷം ഉദ്ഘാടനപ്രസംഗം നടന്നു. ഖാരി നവാബ് അഹ്മദ് സാഹിബ് (സദ്ർ ഭാരത്) ഇജ്തിമാഅ് ഉദ്ഘാടനം ചെയ്തു. ഈ വർഷം അഖിലേന്ത്യാതലത്തിൽ വിലയിരുത്തിയ 30 സ്ഥാനങ്ങളിൽ കേരളം 15 എണ്ണം നേടിയിട്ടുണ്ടെന്നും 50% കൂടി ഇനിയും പ്രവർത്തിക്കേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. വിശദീകരണം ആവശ്യപ്പെടാതെ അനുസരിക്കുക എന്നതാണ് നമ്മുടെ അനുശീലനരീതി. തുടർന്ന് പി.പി. നാസിറുദ്ദീൻ സാഹിബ് (നാഇബ് സദ്ർ ഭാരത്) അധ്യക്ഷ പ്രസംഗം നടത്തി. ഈ വർഷം കേരളത്തിൽ നിന്ന് മൂന്ന് മജ്‌ലിസുകളെ തിരഞ്ഞെടുക്കുന്നതാണ്. ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ അദ്ദേഹം വിശദീകരിച്ചു.

തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ മേഖലാ അമീർമാരും സി. ശമീം സാഹിബ് (നാഇബ് സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ, ഭാരത്) ഇജ്തിമാക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു. ടി. ശംസുദ്ദീൻ സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി നജീബ് ഖാൻ സാഹിബ്, അബ്ദുശ്ശുക്കൂർ സാഹിബ് , ഇ.എച്ച് നജീബ് സാഹിബ് (ഖാഇദ് സൗത്ത് ഇലാഖ) എ.എം സലീം സാഹിബ് (എഡിറ്റർ സത്യദൂതൻ) മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, പ്രൊഫ. മഹ്മൂദഹ്മദ് സാഹിബ് (സെക്രട്ടറി, പബ്ലിക്കേഷൻ കമ്മിറ്റി), മൗലവി ശഫീഖ് അഹ്മദ് സാഹിബ് എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രസംഗിച്ചു. വൈജ്ഞാനിക കായിക മത്സരങ്ങളും മേഖലാടിസ്ഥാനത്തിൽ നടത്തി. 16-നു വൈകുന്നേരം ഇജ്തിമ വിജയകരമായി സമാപിച്ചു.



ആന്ധ്രാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടൂർണമെന്റ് വിജയികൾക്ക് മുബല്ലിഗ് ഇൻചാർജ്. മൗ. മുസ്‌ലിഹുദ്ദീൻ സഅ്ദി സാഹിബ് സമ്മാനങ്ങൾ വിതരണം ചെയ്യുന്നു.

# പുനഃരധിവാസ പദ്ധതി ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: ഒരുമ (ഓർഗനൈസേഷൻ



ഫോർ റൈറ്റ്സ് യൂണിറ്റി, മീഡിയേഷൻ & അവയർനെസ്സും, ഉത്തരമേഖലാ ഖുദ്ദാമും സംയുക്തമായി നടത്തിയ പുനഃരധിവാസ പദ്ധതി മേഖലാ അമീർ അഹ്മദ് കോയ ഉദ്ഘാടനം ചെയ്തു. കോർപ്പറേഷൻ കൗൺസിലർ ജീൻ മോസസ് അദ്ധ്യക്ഷത വഹിച്ചു. ബാർഥോ (P.O, TSU), ലതാകുമാർ (പ്രസിഡന്റ് റോട്ടറി ക്ലബ് കോഴിക്കോട് ഈസ്റ്റ്) മൂസ (എസ്.ടി.യു ജില്ലാ പ്രസിഡന്റ്) ഷെറിൻ (ഡബ്ളിയൂ.എ.എ.ഡി.ഐ) എന്നിവർ ആശംസകൾ നേർന്നു.

## പ്രതിമാസ തബ്‌ലീഗ് തർബിയ്യത്ത് ക്യാമ്പ്

വടക്കാഞ്ചേരി: മജ്‌ലിസ് ഖുദ്ദാമുൻ അഹ്മദിയ്യാ പാലക്കാട് മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പ്രതിമാസ തബ്‌ലീഗ് തർബിയ്യത്ത് ക്യാമ്പ് ജനുവരി മാസം പള്ളിപ്പുറത്ത് സംഘടിപ്പിച്ചു. ഉച്ചക്ക് ശേഷം മൗ. ഹിദായത്തുല്ലാഹ് ഖാൻ സാഹിബ് സഖാഫി, മൗ. മുഹമ്മദ് റാഫീ സാഹിബ് എന്നിവർ ക്ലാസെടുത്തു.

ഫ്രെബ്രുവരി മാസത്തെ ക്യാമ്പ് വടക്കാഞ്ചേരിയിൽ നടത്തി. ജില്ലാ ഖാഇദ് ഹാരിസ് സാഹിബ് അധ്യക്ഷം വഹിച്ചു. മൗ. എച്ച്. ശംസുദ്ദീൻ കാവശേരി ക്ലാസെടുത്തു. മേഖലാ ഇസ്‌ലാഹോ ഇർശാദ് സെക്രട്ടറി കെ. ശംസുദ്ദീൻ സാഹിബ് ചേലക്കര ജമാഅത്ത് പ്രസിഡന്റ് സി. നാസിർ അഹ്മദ് സാഹിബ്, മാത്തോട്ടം ജമാഅത്ത് പ്രസിഡന്റ് പി. എം. ബശീർ അഹ്മദ് സാഹിബ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.




തിരുപ്പൂരിൽ ചേർന്ന ജമാഅത്ത് ഏകദിന ക്യാമ്പിൽ ഖുദ്ദാം നാഇബ് സദർ ശമീം സാഹിബ് പ്രസംഗിക്കുന്നു.



കർണാടക ഉത്തരമേഖല ജമാഅത്ത് യാദ്ഗീറിൽ സംഘടിപ്പിച്ച ബുക്ക് സ്റ്റാൾ



ഗോദാവരി മേഖല (ആന്ധ്ര)യിൽ സംഘടിപ്പിച്ച വോളിബോൾ മാച്ച്

## നാഇബ് സദറിന്റെ സന്ദർശനം

പത്തപ്പിരിയം: നാഇബ് സദർ സി. ശമീം സാഹിബ് 30-1-2011 ഞായറാഴ്ച വൈകുന്നേരം 4:00 മണിക്ക് പത്തപ്പിരിയം മജ്‌ലിസ് സന്ദർശിക്കുകയുണ്ടായി. സന്ദർശന യോഗത്തിൽ സെൻട്രൽ ഇലാഖ ഖാഇദ് ടി.കെ. മുഷ്താഖ് സാഹിബിന്റെ സാന്നിധ്യവും ഉണ്ടായിരുന്നു. മലപ്പുറം ജില്ലാ ഖാഇദും, പത്തപ്പിരിയം മജ്‌ലിസ് ഖാഇദുമായ പി.പി. മുസദ്ദിഖ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സി.കെ. ഹാദി അദ്നാൻ തിലാവത്ത് നിർവഹിക്കുകയും, സി.കെ. സഫറുള്ള പദ്യം ആലപിക്കുകയും ചെയ്തു. തുടർന്ന് ജില്ലാ ഖാഇദ്, നാഇബ് സദറിന് ഉപഹാരം നൽകുകയുണ്ടായി.

ഇലാഖ ഖാഇദ് ടി.കെ. മുഷ്താഖ് സാഹിബ്, മൗലവി പി. അബ്ദുൽ നാസിർ സാഹിബ്, പത്തപ്പിരിയം ജമാഅത്ത് വൈസ്പ്രസിഡന്റ് സി.കെ. അൻവർ സാദത്ത് സാഹിബ്, സയീം അൻസാറുള്ള സി.കെ. ശംസുദ്ദീൻ സാഹിബ്, നാസിം തർബിയ്യത്ത് സി.എച്ച് മുഹമ്മദ് സാലിഹ് സാഹിബ്, നാസിം അത്ഫാൽ, സി.കെ. മൻസൂർ സാഹിബ് എന്നിവർ പ്രസംഗിക്കുകയും തുടർന്ന് നാഇബ് സദർ പ്രസംഗിക്കുകയും ചെയ്തു. ദുഃആ ക്ക് ശേഷം വിഭവസമൃദ്ധമായ കുലൂജമീഅയും ഉണ്ടായിരുന്നു. യോഗത്തിൽ 100% അത്ഫാലുകളും 60% ഖാദിംകളും പങ്കെടുക്കുകയുണ്ടായി.

## അത്ഫാൽ ക്യാമ്പ്

ഏപ്രിൽ 15 മുതൽ 21 വരെ കരുളായിൽവെച്ച് മദ്ധ്യമേഖല അത്ഫാൽ ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്.

മലപ്പുറം അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നതാണ്. വൈജ്ഞാനിക ക്ലാസുകളും വൈവിദ്ധ്യമാർന്ന മത്സര ഇനങ്ങളും ക്യാമ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



തിരുവനന്തപുരം ഖുദ്ദാം സംഘടിപ്പിച്ച വഖാറെ അമൽ കൗൺസിലർ പത്മജം ഉദ്ഘാടനം ചെയ്യുന്നു.

## അൽഹഖ് കമ്മിറ്റികൾക്ക് അംഗീകാരം

ഖാദിയാൻ: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കേരളയുടെ മുഖപത്രമായ അൽഹഖിന്റെ പുതിയ മാനേജ്മെന്റ് എഡിറ്റോറിയൽ കമ്മിറ്റികൾക്ക് ബഹു. സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് അംഗീകാരവും പ്രവർത്തനാനുമതിയും നൽകി.

ചെയർമാൻ മാനേജ്മെന്റ് & എഡിറ്റോറിയൽ ബോർഡ്: സി. ശമീം(നാഇബ് സദർ ഭാരത്)

**എഡിറ്റോറിയൽ ബോർഡ്:**
ചീഫ് എഡിറ്റർ : എച്ച്. ശംസുദ്ദീൻ
എഡിറ്റർ : ശരീഫ്, കരുളായി
അംഗങ്ങൾ :
ബി.എം. ശൗക്കത്ത് അലി, മാത്തോട്ടം
പി. ശരീഫ് അഹ്മദ്, കരുളായി
കെ. നൂറുദ്ദീൻ, മുറിയക്കണ്ണി.


**മാനേജ്മെന്റ് ബോർഡ്**
പ്രിന്റർ & പബ്ലിഷർ :
ടി.കെ. മുഷ്താഖ് അഹ്മദ്
മാനേജർ : ശഫീഖ് അഹ്മദ്, കരുളായി.
സർക്കുലേഷൻ മാനേജർ :
കെ. മുബാറക് അഹ്മദ്, മഞ്ചേരി.
അംഗങ്ങൾ:
റഹീം ശംസ്, പഴയങ്ങാടി
ഇ.എച്ച്. നജീബ്, കാക്കനാട്
എ.കെ.സബാഹ്, പത്തപ്പിരിയം
സഫർ അഹ്മദ്, കരുനാഗപ്പള്ളി
മുദസ്സിർ അഹ്മദ്, കോഴിക്കോട്
ഹാരിസ്, കൊടുവായൂർ

**വാർത്തകൾ**

**EDITOR**
**AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram**
**Kerala**

# ഇമാം മഹ്ദിയുടെ ആഗമനകാലം









- ഇമാം മഹ്ദിയുടെ ആഗമനകാലത്ത് ക്രിസ്തീയത ശക്തി പ്രാപിക്കും.
- പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടാവും.
- വേഗത്തിൽ യാത്രചെയ്യാവുന്ന വാഹനങ്ങൾ ഉണ്ടാവും.
- ഒട്ടകയാത്ര ഒഴിവാക്കപ്പെടും.
- പത്ര മാധ്യമരംഗം സജീവമാകും.
- മൃഗങ്ങൾ ഒരുമിച്ചുകൂട്ടപ്പെടും.
- പരസ്പരം അറിയാനും അടുക്കാനുമുള്ള സാഹചര്യങ്ങൾ ഉണ്ടാവും.
- വ്യത്യസ്ത ദേശത്ത് താമസിക്കുന്നവർ അതേ അവസ്ഥയിൽ പരസ്പരം കാണുമാറാകും.
- ആകാശത്തിന്റെ തോൽ ഉരിക്കപ്പെടും, അതായത് ... ഖഗോള ശാസ്ത്രം വികസിതമാകും.







- പെട്ടെന്നുള്ള മരണങ്ങൾ ഉണ്ടാവും. ആകാശത്തുനിന്നും ഭൂമിയിൽ നിന്നും കഠിനമായ ശിക്ഷകൾ ഉണ്ടാകും.
- യുദ്ധങ്ങൾ ഉണ്ടാകും.
- പുരുഷൻ സ്ത്രീയുടെയും, സ്ത്രീ പുരുഷന്റെയും വസ്ത്രം ധരിക്കും.
- അധഃകൃത വർഗങ്ങൾ പുരോഗതി പ്രാപിക്കും.



- സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി മുറവിളി ഉയരും.
- നദികളും സമുദ്രങ്ങളും കീറിമുറിക്കപ്പെടും.
- മുസ്‌ലിംകൾക്ക് എല്ലാ നിലക്കും അധഃപതനം സംഭവിക്കും.
- ഭക്ഷണ തളികയിലേക്ക് കൈനീട്ടും പോലെ മുസ്‌ലിം ഉമ്മത്തിനെ മറ്റുള്ളവർ പിച്ചിച്ചീന്തും.
- അന്ന് മുസ്‌ലിംകൾ വെള്ളത്തിൽ കിടക്കുന്ന ചണ്ടിപോലെ ആയിരിക്കും. ഒഴുക്കിനെതിരെ നീന്താൻ കെൽപുണ്ടാവില്ല.
- യഹൂദികളേയും ക്രിസ്ത്യാനികളേയും അവർ ചാണിന് ചാണായും മുഴത്തിന് മുഴമായും പിന്തുടരും.
- ഉമ്മത്ത് കക്ഷി പ്രതികക്ഷികളായി വിഭജിക്കപ്പെടും.






## പറവകൾ

**ആകാശാന്തരീക്ഷത്തിൽ (അല്ലാഹുവിന്റെ നിയമങ്ങൾക്ക്) വിധേയമാക്കപ്പെട്ട നിലയിൽ പറവകളെ അവർ കാണുന്നില്ലേ? അല്ലാഹു വല്ലാതെ മറ്റാരും അവയെ പിടിച്ചുനിർത്തുന്നില്ല. തീർച്ചയായും വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. (വി.ഖു.16:80)**

പക്ഷികൾക്ക് ചിറകുകൾ യാദൃശ്ചികമായുണ്ടായതല്ലെന്നും മറിച്ച്, പറക്കാൻ അനുയോജ്യമായ രീതിയിൽ അല്ലാഹു അവയെ സജ്ജമാക്കിയിരിക്കുകയാണെന്നും വിശുദ്ധഖുർആൻ പറയുന്നു. അവയ്ക്ക് പൊള്ളയായ എല്ലുകളും പ്രത്യേകരീതിയിൽ രൂപകല്പന ചെയ്ത നെഞ്ചും നെഞ്ചിനിരുവശത്തും ബലവത്തായ പേശികളും നിർമ്മിച്ചിരിക്കുന്നു. ഉദാഹരണമായി കാട്ടുതാറാവ് കടൽത്തീരത്ത് കാണുന്ന ഈ പക്ഷിയുടെ ആന്തരിക സംവിധാനം ജറ്റ് വിമാനങ്ങളുടെ മുൻഭാഗത്തെ പോലെയാണ്. അത് കാറ്റിനെ വകവയ്ക്കാതെ തുടർച്ചയായി ആയിരക്കണക്കിന് മൈൽ ദൂരം സഞ്ചരിക്കാൻ അവയെ പ്രാപ്തമാക്കുന്നു. കൂട്ടത്തോടെ പോകുന്ന ഇവയിൽ ഏറ്റവും മുന്നിലുള്ള പക്ഷി ക്ഷീണിക്കുമ്പോൾ മറ്റൊന്ന് വന്ന് സ്വയം ആ സ്ഥാനം ഏറ്റെടുക്കുന്നു.





കടൽത്തീരത്ത് കാണുന്ന ഈ പക്ഷികൾ ഒരിക്കലും വെള്ളത്തിൽ മുങ്ങുന്നില്ല. യഥാർത്ഥത്തിൽ അവയുടെ ശരീരഭാരം കാരണം അവ മുങ്ങേണ്ടതാണ്. മുങ്ങാതിരിക്കാൻ കാരണം അവയുടെ ശരീരത്തിന് മുകളിൽ ചെറിയ ചെറിയ തൂവലുകൾ വായു സംഭരിക്കുന്നതാണ്. അങ്ങനെ ചിറകുകളിൽ ബന്ധിതമാക്കപ്പെട്ട വായു അവയെ മുങ്ങുന്നതിൽനിന്ന് രക്ഷിക്കുന്നു. മറ്റൊന്ന് അവയുടെ ചിറകുകളിൽ ഗ്രീസ് പോലെ മിനുസമുള്ള ഒരു പ്രത്യേക പദാർത്ഥമുള്ളത് അവയുടെ ചിറകുകൾ നനയാതെ സംരക്ഷിക്കുകയും മുങ്ങിപോകുന്നതിൽനിന്ന് രക്ഷപ്പെടാൻ സഹായിക്കുകയും ചെയ്യുന്നു. ഗ്രീസ് പോലുള്ള ഈ പദാർത്ഥം അവ ശരീരത്തിന്റെ പിൻഭാഗത്തുനിന്നും കൊക്കുകൊണ്ടെടുത്ത് ശരീരത്തിൽ സ്വയം തേച്ചുപിടിപ്പിക്കുകയാണ് ചെയ്യാറുള്ളത്.

(ഖുർആൻ കരീം..(ഉർദു) അർഥവും ലഘു വിവരണവും ഹദ്റത് ഖലീഫത്തുൽ മസീഹ് IV (റഹ്))

കാട്ടുതാറാവുകൾ Vആകൃതിയിലാണ് പറന്നു മുന്നേറുന്നത്. ഏറ്റവും മുന്നിലുള്ള പക്ഷി V യുടെ കൂർത്തഭാഗമായും മറ്റുള്ളവ രണ്ട് ഭാഗത്തും പിന്നിലേക്കായി നിരത്ത് പറന്നും മുന്നേറുന്നു.

വായുപ്രവാഹത്തെ പ്രതിരോധിച്ച് മുന്നേറാൻ ഇത് സഹായിക്കുന്നു. മുൻപിൽ പറക്കുന്ന പക്ഷിയുടെ ചിറകടിയിൽ നിന്നുള്ള ശക്തമായ വായുപ്രവാഹം പിന്നിൽ പറക്കുന്നവർക്ക് ഉപയോഗിക്കാനാവും. അതിനാൽ ആയാസം ലഘൂകരിച്ച് മുന്നേറാൻ കഴിയുന്നു.

മുന്നിൽ പറക്കുന്ന പക്ഷികൾക്ക് ഇതിന്റെയൊന്നും നേട്ടം കിട്ടാനില്ല. അതിനാൽ മുന്നിലുള്ള പക്ഷി കുറേനേരം കഴിയുമ്പോൾ പിന്നിലേക്ക് മാറുകയും മറ്റൊന്ന് ആ സ്ഥാനത്തേക്ക് മുന്നേറുകയും ചെയ്യുന്നു. തനിച്ച് പറക്കുന്ന ആ പക്ഷിയേക്കാൾ 71% നേട്ടം ഇതുകൊണ്ട് കിട്ടുന്നു.

യുദ്ധവിമാനങ്ങളും ഈ രീതി ഉപയോഗിക്കാറുണ്ട്. ഒന്നാം ലോകമഹായുദ്ധത്തിൽ പോർവിമാനങ്ങളുടെ വലിയ വ്യൂഹങ്ങൾ ഇത്തരം പറക്കൽ രീതി സമർഥമായി ഉപയോഗപ്പെടുത്തിയിരുന്നു. പ്രകൃതിയിൽ നിന്നാണല്ലോ മനുഷ്യന് ഏറ്റവും നല്ല പാഠങ്ങൾ പഠിക്കാനാവുക!



(ഡിസ്കവറി ചാനലിനോട് കടപ്പാട്)

Chairman
Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale - circulation among members only

Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad , for Majlis Khuddamul Ahmadiyya Kerala at Prameela Press,Calicut